# ആരോഗ്യ കേരളം

arogyakeralam newsletter

February 2026

Follow us on




ആരോഗ്യ മേഖലയുടെ വളർച്ചയ്ക്ക് സഹായകരമായ ബജറ്റ്: മന്ത്രി വീണാ ജോർജ്

# കേരള ബജറ്റ്: ആരോഗ്യ മേഖലയ്ക്ക് 2500.31 കോടി

തിരുവനന്തപുരം: ആരോഗ്യ മേഖലയുടെ വളർച്ചയ്ക്ക് സഹായിക്കുന്നതാണ് ഇത്തവണത്തെ സംസ്ഥാന ബജറ്റെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും മേഖലയ്ക്കുള്ള പദ്ധതി വിഹിതം ഗണ്യമായി വർദ്ധിപ്പിച്ച് 2500.31 കോടി രൂപ വകയിരുത്തി. മെഡിക്കൽ കോളജുകൾക്കായി 259.93 കോടി രൂപ നീക്കിവച്ചു. ആരോഗ്യ മേഖലയിൽ നടന്നു വരുന്ന തുടർ വികസന പ്രവർത്തനങ്ങൾക്കും പുതിയ വികസന പ്രവർത്തനങ്ങൾക്കും ഇത് സഹായിക്കും.

✦ റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ആദ്യത്തെ 5 ദിവസം പണരഹിത ചികിത്സ നൽകുന്ന പദ്ധതിയ്ക്കായി 15 കോടി രൂപ വകയിരുത്തി. പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്ത സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലും ഈ സൗകര്യമുണ്ടാകും.

✦ അങ്കണവാടി വർക്കർമാരുടെ പ്രതിമാസ വേതനത്തിൽ 1000 രൂപയുടേയും അങ്കണവാടി ഹെൽപ്പർമാരുടെ പ്രതിമാസ വേതനത്തിൽ 500 രൂപയുടേയും വർധനവ് വരുത്തി.

✦ ആശാ വർക്കർമാരുടെ പ്രതിമാസ വേതനത്തിൽ 1000 രൂപ രൂപയുടെ വർധനവ് വരുത്തി.

✦ കേരളത്തിലെ വയോധികർക്കിടയിൽ ന്യൂമോകോക്കൽ വാക്സിനേഷൻ പരിപാടിയ്ക്കായി 50 കോടി രൂപ വകയിരുത്തി. ബിപിഎൽ കുടുംബങ്ങളിലെ 60 വയസ്സും അതിൽ കൂടുതലുമുള്ള പ്രായമായ വ്യക്തികൾക്ക് സഹായകരമാകും.

✦ ഡയാലിസിസ് സൗകര്യമില്ലാത്ത എല്ലാ താലൂക്ക് തല ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 14.20 കോടി രൂപ വകയിരുത്തി. ഇതോടെ താലൂക്ക് തലം വരെയുള്ള എല്ലാ ആശുപത്രികളിലും ഡയാലിസിസ് സൗകര്യമുള്ള ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറും.

✦ മലബാർ കാൻസർ സെന്ററിന് 50

(പേജ് 5 ൽ തുടർന്ന് വായിക്കുക)

ഒറ്റ ക്ലിക്കിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള 10 വകുപ്പുകൾ, 30 സ്ഥാപനങ്ങൾ

# ആരോഗ്യ വകുപ്പിന് പുതിയ വെബ് പോർട്ടൽ




തിരുവനന്തപുരം: സംസ്ഥാനത്തിന്റെ ആരോഗ്യ വകുപ്പിനെ സംബന്ധിച്ച ആധികാരിക വിവരങ്ങൾ പങ്കുവെയ്ക്കാൻ പുതിയ ഔദ്യോഗിക വെബ് പോർട്ടൽ സജ്ജമായി. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് വെബ് പോർട്ടൽ ലോഞ്ച് ചെയ്തു. health.kerala.gov.in എന്നതാണ് പോർട്ടലിന്റെ വിലാസം. കേരള സർക്കാർ സ്ഥാപനമായ സി–ഡിറ്റ് ആണ് പോർട്ടൽ നിർമ്മിച്ചത്.

കേരളത്തിന്റെ ആരോഗ്യ മേഖലയിലെ നേട്ടങ്ങൾ, പ്രവർത്തങ്ങൾ, വിവരങ്ങൾ, ബോധവത്കരണ സന്ദേശങ്ങൾ തുടങ്ങിയവ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങളിലും ഗവേഷകരിലും എത്തിക്കുകയാണ് പോർട്ടലിന്റെ ലക്ഷ്യം.

ആരോഗ്യ വകുപ്പിന് കീഴിലുള്ള 10 വകുപ്പുകൾ, 30 സ്ഥാപനങ്ങൾ എന്നിവയുടെ വെബ്സൈറ്റുകളെക്കൂടി കോർത്തിണക്കിയാണ് പോർട്ടൽ ഒരുക്കിയിരിക്കുന്നത്. ഇവയുടെയെല്ലാം ആധികാരിക വിവരങ്ങളും, അറിയിപ്പുകളും, പ്രവർത്തനങ്ങളും ജനങ്ങളിലെത്തിക്കാൻ പോർട്ടൽ കൂടുതൽ ഉപകാരപ്രദമാകുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

ഡയനാമിക് ആയ ഡാഷ് ബോർഡിൽ കേരളത്തിന്റെ ആരോഗ്യ രംഗത്തെ ജനസംഖ്യാ പരിവർത്തനം സംബന്ധിച്ച ഗ്രാഫുകൾ, ടേബിളുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ മേഖല സംബന്ധിച്ച് ജനങ്ങൾക്കാവശ്യമുള്ള നിയമങ്ങൾ, മാർഗനിർദേശങ്ങൾ, ഉത്തരവുകൾ എന്നിവയും ലഭ്യമാക്കി വരുന്നു. ആരോഗ്യ സംബന്ധമായ വിവരങ്ങൾക്ക് പുറമെ പ്രധാനപ്പെട്ട ബോധവത്കരണ പോസ്റ്ററുകൾ, വീഡിയോകൾ എന്നിവയും ലഭ്യമാണ്.

5 പേർക്ക് പുതു ജീവനേകി

# മരണത്തിലും തണലായി അയോന

സംസ്ഥാനത്തിനുള്ളിൽ ആദ്യമായി കൊമേഴ്സ്യൽ വിമാനത്തിൽ അവയവമെത്തിച്ചു



കെട്ടിടത്തിൽ നിന്ന് വീണ് മസ്തിഷ്ക മരണം സംഭവിച്ച കണ്ണൂർ പയ്യാവൂർ സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥി അയോന മോൻസൺ (17 വയസ്) ഇനി അഞ്ചു പേർക്ക് പുതുജീവനേകും. അയോനയുടെ വൃക്ക വിമാന മാർഗം തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ എത്തിച്ചു. സംസ്ഥാന ചരിത്രത്തിലാദ്യമായി അവയവം ഒരു ജില്ലയിൽ നിന്ന് മറ്റൊരിടത്തേക്ക് കൊമേഴ്സ്യൽ വിമാനത്തിൽ എത്തിച്ചു എന്ന പ്രത്യേകതയും ഈ അവയവ ദാനത്തിനുണ്ട്. കണ്ണൂരിൽ നിന്ന് തിരുവനന്തപുരത്തേക്കുള്ള ദൂരക്കൂടുതൽ പരിഗണിച്ച് കൃത്യ സമയത്തിനുള്ളിൽ വൃക്ക എത്തിക്കാനാണ് വിമാന മാർഗം എത്തിക്കാൻ തീരുമാനിച്ചത്. ഇൻഡിഗോയുടെ വിമാനത്തിലാണ് വൃക്ക എത്തിച്ചത്. രാവിലെ 10.42ന് വൃക്ക തിരുവനന്തപുരം എയർപോർട്ടിലും 11 ന് സർക്കാർ മെഡിക്കൽ കോളേജിലും എത്തിച്ചു.

കണ്ണൂർ, കൊശവൻവയൽ, കട്ടിയാങ്കൽ വീട്ടിൽ അയോനയുടെ രണ്ട് വൃക്കകൾ, കരൾ, രണ്ട് നേത്രപടലങ്ങൾ എന്നിവയാണ് ദാനം ചെയ്തത്. ഒരു വൃക്ക കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയിലെ രോഗിയ്ക്കും കരൾ കോഴിക്കോട് മേയ്ത്ര ആശുപത്രിയിലെ രോഗിയ്ക്കും രണ്ട് നേത്രപടലങ്ങൾ തലശ്ശേരി ജില്ലാ ആശുപത്രിയിലെ രോഗികൾക്കുമാണ് നൽകിയത്. വേർപാടിന്റെ വേദനയിലും മറ്റുള്ളവരുടെ ജീവിതത്തിന് വെളിച്ചമേകാൻ അയോനയുടെ കുടുംബം എടുത്ത തീരുമാനത്തിന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നന്ദി പറഞ്ഞു. കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നുവെന്നും മന്ത്രി പറഞ്ഞു.

കണ്ണൂർ പയ്യാവൂർ സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥി ആയിരുന്ന അയോണ മോൺസൺ ജനുവരി 12ന് രാവിലെ 8.15ന് സ്കൂളിന്റെ കെട്ടിടത്തിന്റെ മുകൾ നിലയിൽ നിന്ന് താഴേക്ക് വീഴുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ അയോനയെ പയ്യാവൂർ ആശുപത്രിയിലും തുടർന്ന് കണ്ണൂർ ആസ്റ്റർ മിംസ് ആശുപത്രിയിലും പ്രവേശിപ്പിക്കുകയായിരുന്നു. ജനുവരി 14 ന് മസ്തിഷ്കമരണം സംഭവിച്ചതിനെ തുടർന്ന് കുടുംബാംഗങ്ങൾ അവയവം ദാനം ചെയ്യാൻ സമ്മതം നൽകുകയായിരുന്നു. അച്ഛൻ കെ. എം മോൻസൺ, അമ്മ അനിത മോൻസൺ. മാർട്ടിൻ മോൻസൺ, എയ്ഞ്ചൽ മോൻസൺ എന്നിവരാണ് സഹോദരങ്ങൾ.

പോലീസിന്റെ സഹായത്തോടെ ഗ്രീൻ കോറിഡോർ ഒരുക്കിയാണ് അവയവം റോഡ് മാർഗം വേഗത്തിലെത്തിച്ചത്. കെ സോട്ടോയാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.

# പൊന്മുണ്ടം കുടുംബാരോഗ്യകേന്ദ്രം നാടിന് സമർപ്പിച്ചു



മലപ്പുറം: 2.14 കോടി രൂപ ചെലവിൽ ആധുനിക സൗകര്യങ്ങളോടെ നിർമ്മിച്ച പൊന്മുണ്ടം കുടുംബാരോഗ്യകേന്ദ്രത്തിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ആരോഗ്യ–വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് ഓൺലൈനായി നിർവ്വഹിച്ചു. ഉദ്ഘാടനച്ചടങ്ങിൽ ന്യൂനപക്ഷ ക്ഷേമ–കായിക–വഖഫ്–ഹജ്ജ് വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ അധ്യക്ഷനായി.

മൂന്നു നിലകളിലായി പൂർത്തീകരിച്ച കെട്ടിടത്തിന് ആകെ 705 ചതുരശ്ര മീറ്റർ വിസ്തീർണമുണ്ട്. ഗ്രൗണ്ട് ഫ്ളോറിൽ വെയ്റ്റിംഗ് ഏരിയ, റിസപ്ഷൻ, ഫാർമസി, ഒബ്സെർവേഷൻ, നഴ്സിംഗ് സ്റ്റേഷൻ, മൂന്നു കൺസൾട്ടേഷൻ റൂം തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഓഫീസ് റൂം, പരിരക്ഷ റൂം, ലാബ്, ഇമ്മ്യൂണൈസേഷൻ, നേഴ്സ് റൂം, ഹെൽത്ത് ഇൻസ്പെക്ടർ റൂം തുടങ്ങിയവയുമുണ്ട്.

രണ്ടാം നിലയിൽ വിശാലമായ കോൺഫെറൻസ് ഹാൾ, യൂട്ടിലിറ്റി റൂം, രണ്ട് റസ്റ്റ് റൂമുകൾ ഒഫ്താൽമോളജി, ഡൈനിങ് തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.

പൊന്മുണ്ടം ആരോഗ്യകേന്ദ്രത്തിന് ഒരു ലാബ് ടെക്നീഷ്യൻ പോസ്റ്റ് കൂടെ അനുവദിച്ചിട്ടുണ്ടെന്ന് മന്ത്രി വി അബ്ദുറഹ്മാൻ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഗോപൻ റിപ്പോർട്ട് അവതരിപ്പിച്ചു. ഡെപ്യൂട്ടി ഡി.എം.ഒ ഡോ. ഷിബുലാൽ പ്രൊജക്ട് അവതരണം നടത്തി. പൊന്മുണ്ടം പഞ്ചായത്ത് പ്രസിഡന്റ് കോമുക്കുട്ടി, പൊന്മുണ്ടം പഞ്ചായത്ത് വൈസ് പ്രസിഡന്റ് പരേടത്ത് അസ്മാബി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സിദ്ധിക്ക് പുല്ലാട്ട്, ആർദ്രം നോഡൽ ഓഫീസർ ഡോ. കെ കെ പ്രവീണ, എൻ.എച്ച്.എം. ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ടി എൻ അനൂപ്, തുടങ്ങിയവർ സംസാരിച്ചു.

ജില്ലാപഞ്ചായത്തും ജില്ലാശുപത്രിയും ഒത്തുചേർന്നു

# 26 പേർക്ക് കൃത്രിമ കാൽ



കൃത്രിമ കാൽ വിതരണോദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ ഉദ്ഘാടനം ചെയ്യുന്നു

കണ്ണൂർ: ജീവിതത്തിന്റെ താളം നഷ്ടപ്പെട്ടവർക്കു വീണ്ടും മുന്നേറാനുള്ള കരുത്താകുകയാണ് കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ കൃത്രിമകാൽ വിതരണ പദ്ധതി. ജില്ലാശുപത്രിയിലൂടെ നടപ്പിലാക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ട ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബിനോയ് കുര്യൻ നിർവഹിച്ചു.

അവശതകളെ അതിജീവിച്ച് ആത്മവിശ്വാസത്തോടെ നടക്കാൻ സഹായിക്കുന്ന ഈ പദ്ധതി ഇതിനകം നിരവധി പേരുടെ ജീവിതത്തിൽ മാറ്റമുണ്ടാക്കിയിട്ടുണ്ട്. അപകടങ്ങളിലോ മറ്റ് പ്രത്യേക സാഹചര്യങ്ങൾ കാരണമോ കാലുകൾ നഷ്ടപ്പെട്ട 26 പേർക്ക് കൃത്രിമകാൽ നൽകുന്നതിനായാണ് പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്. ഇതിനായി ജില്ലാ പഞ്ചായത്ത് പത്ത് ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. ആദ്യഘട്ടത്തിൽ മൂന്ന് പേർക്കും, രണ്ടാം ഘട്ടത്തിൽ 12 പേർക്കുമാണ് കൃത്രിമ കാൽ വിതരണം ചെയ്തത്. ശേഷിക്കുന്ന ഗുണഭോക്താക്കൾക്കും അടുത്ത ഘട്ടങ്ങളിൽ സഹായം ലഭ്യമാക്കുമെന്ന് അധികൃതർ അറിയിച്ചു. ജില്ലാശുപത്രിയിലെ ജില്ലാ ലിംബ് ഫിറ്റിംഗ് സെന്ററിലൂടെയാണ് ഗുണമേന്മയുള്ള കൃത്രിമകാൽ നിർമ്മിച്ച് വിതരണം ചെയ്യുന്നത്.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി. ഷബ്ന അധ്യക്ഷത വഹിച്ച ചടങ്ങിൽ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പി. രവീന്ദ്രൻ മുഖ്യാതിഥിയായി. പരിപാടിയുടെ ഭാഗമായി സാമൂഹിക ഉത്തരവാദിത്വത്തിന്റെ ഭാഗമായുള്ള സ്വച്ഛ് ഭാരത് പ്രതിജ്ഞയും എടുത്തു. ആശുപത്രി സൂപ്രണ്ടന്റ് ഡോ. ഷാജ് എം കെ, ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. ഗ്രിഫിൻ സുരേന്ദ്രൻ, ഡോ. കെ പി മനോജ് കുമാർ, ഡോ. സുമിൻ മോഹൻ, കെ സജിത്ത്, കെ കെ ധനേഷ്, ഇന്ദിര, അജയകുമാർ എന്നിവർ സംസാരിച്ചു.

ശാരീരിക പരിമിതികളെ പിന്നിലാക്കി ആത്മവിശ്വാസത്തോടെ നടക്കാൻ അവസരമൊരുക്കുന്ന ഈ പദ്ധതി, പൊതുജനാരോഗ്യ രംഗത്ത് ജില്ലാ പഞ്ചായത്തിന്റെ മാനവിക ഇടപെടലിന്റെ ഉദാഹരണമായി മാറുകയാണ്.

കുട്ടി ഡോക്ടർ

# സഹപഠനക്യാമ്പിന് തുടക്കമായി



എറണാകുളം: രാഷ്ട്രീയ കിശോർ സ്വസ്ഥ്യ കാര്യക്രമിന്റെ ഭാഗമായി നടപ്പിലാക്കുന്ന കുട്ടി ഡോക്ടർ പദ്ധതിക്ക് ജില്ലയിൽ തുടക്കമായി. എട്ട്, ഒമ്പത് ക്ലാസ്സുകളിൽ നിന്നും തെരഞ്ഞെടുത്ത കുട്ടികൾക്കാണ് വിദഗ്ദപരിശീലനം നൽകുന്നത്.

വിദ്യാർത്ഥികളിൽ ആരോഗ്യ അവബോധം വളർത്തുന്നതിനും സ്കൂളുകളിൽ പ്രഥമശുശ്രൂഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് കുട്ടി ഡോക്ടർ. അങ്കമാലി, കുമ്പളങ്ങി, നോർത്ത് പറവൂർ എന്നിവിടങ്ങളിലാണ് ക്യാമ്പുകൾ സംഘടിപ്പിച്ചത്. രണ്ട് ക്യാമ്പുകൾ കൂടി സംഘടിപ്പിക്കും. ജില്ലയിൽ 200 കുട്ടികൾക്കാണ്പരിശീലനം നൽകുന്നത്.

പഠനപ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന വിധത്തിൽ സഹപഠനകുറിപ്പുകൾ തയ്യാറാക്കി വിദ്യാർത്ഥികൾക്ക് നൽകി. ബാഗ്, ടീഷർട്ട്, ബാഡ്ജ് തുടങ്ങിയവയും ലഭ്യമാക്കി. ലൈംഗിക പ്രത്യുത്പാദനാരോഗ്യം, മാനസികാരോഗ്യം, ജീവിതശൈലിരോഗങ്ങളുയർത്തുന്ന വെല്ലുവിളികൾ, ലിംഗാധിഷ്ഠിത അതിക്രമങ്ങളെ കുറിച്ചുള്ള ക്ലാസുകൾ, പോഷണ നിലവാരം, ലഹരിവസ്തുക്കളുടെ ഉപയോഗം, ഇന്റർനെറ്റ് – മൊബൈൽ ഉപയോഗം തുടങ്ങിയ വിവിധ വിഷയങ്ങളെ കുറിച്ച് ക്ലാസുകളെടുത്തു.

വിദ്യാർത്ഥികളുടെ മാനസിക – ശാരീരിക ആരോഗ്യപ്രശ്നങ്ങളിൽ ഇടപെടാൻ കുട്ടികൾക്കിടയിൽ നിന്നു തന്നെ പ്രതിനിധികളെ സൃഷ്ടിക്കാൻ ഉതകുന്ന വിധത്തിലാണ് ക്ലാസുകൾ സംഘടിപ്പിച്ചത്.

സ്കിൻ ബാങ്കിൽ രണ്ടാമത്തെ ചർമ്മം ലഭ്യമായി

# വീട്ടിലെത്തി 91 വയസുകാരിയുടെ ചർമ്മം സ്വീകരിച്ച് സ്കിൻ ബാങ്ക് ടീം



തിരുവനന്തപുരം: തിരുവനന്തപുരത്തെ 91 വയസുള്ള ആനന്ദവല്ലി അമ്മാളിന്റെ ചർമ്മം വീട്ടിലെത്തി സ്വീകരിച്ച് തിരുവനന്തപുരം മെഡിക്കൽ കോളജിലെ സ്കിൻ ബാങ്ക് ടീം. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിലെ ന്യൂറോ സർജറി വിഭാഗം മേധാവിയായ ഡോ. ഈശ്വറിന്റെ അമ്മയുടെ കണ്ണുകൾ, ചർമ്മം എന്നിവയാണ് ദാനം ചെയ്തത്. അമ്മയുടെ ആഗ്രഹമായിരുന്നു മരണാനന്തര അവയവദാനം. എന്നാൽ പ്രായക്കൂടുതൽ ആയതിനാൽ മറ്റ് അവയവങ്ങൾ എടുക്കാനായില്ല. വീട്ടിൽ വച്ച് മരണമടഞ്ഞ അമ്മയെ അവയവദാനത്തിനായി ആശുപത്രിയിലെത്തിക്കാൻ പറ്റാത്ത അവസ്ഥയിലായിരുന്നു. തുടർന്നാണ് സ്കിൻബാങ്കിലെ ടീം പ്രായോഗിക ബുദ്ധിമുട്ടുകൾ മറികടന്ന് വീട്ടിലെത്തി ചർമ്മം സ്വീകരിച്ചത്. അവയവദാനം നടത്തിയ അമ്മയുടെ ബന്ധുക്കളെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നന്ദി അറിയിക്കുകയും ആദരാഞ്ജലി അർപ്പിക്കുകയും ചെയ്തു. സ്കിൻ ബാങ്ക് ടീമിനെ മന്ത്രി അഭിനന്ദിച്ചു.

ചർമ്മം എടുക്കാനുള്ള അത്യാധുനിക സംവിധാനങ്ങളുമായാണ് ടീം വീട്ടിലെത്തിയത്. 4 മണിക്കൂറോളം കൊണ്ടാണ് ചർമ്മം എടുത്തത്. ഡോ. പ്രേംലാലിന്റെ നേതൃത്വത്തിൽ ഡോ. ആഭ, ഡോ. അനുപമ, ഡോ. ആർഷ, ഡോ. ലിഷ, നഴ്സിംഗ് ഓഫീസർമാരായ അശ്വതി, ഷീന ബാബു എന്നിവരാണ് ടീമിലുണ്ടായിരുന്നത്.

കേരളത്തിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സജ്ജമാക്കിയ സ്കിൻ ബാങ്കിൽ ലഭിക്കുന്ന രണ്ടാമത്തെ ചർമ്മമാണിത്. 6.75 കോടി ചെലവഴിച്ചാണ് ബേൺസ് യൂണിറ്റിനോടൊപ്പം സ്കിൻ ബാങ്ക് സജ്ജമാക്കിയത്. ഇക്കഴിഞ്ഞ സെപ്റ്റംബറിലാണ് സ്കിൻ ബാങ്കിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചത്. കോട്ടയം മെഡിക്കൽ കോളേജിൽ കൂടി സ്കിൻ ബാങ്ക് സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

ആദ്യമായി ലഭിച്ച ചർമ്മത്തിന്റെ പ്രോസസിംഗ് പുരോഗമിക്കുന്നു. പ്രത്യേക താപനിലയിലും സംവിധാനത്തിലുമാണ് ചർമ്മം സംരക്ഷിക്കുന്നത്. മൂന്ന് ആഴ്ചത്തെ കെമിക്കൽ പ്രോസസിംഗിന് ശേഷം ആവശ്യമുള്ള രോഗികൾക്ക് പ്ലാസ്റ്റിക് സർജറിയിലൂടേയും നൂതന സാങ്കേതികവിദ്യയോടെയും ചർമ്മം വച്ച് പിടിപ്പിക്കുന്നു. അപകടത്താലും പൊള്ളലേറ്റും ചർമ്മം നഷ്ടപ്പെട്ടവർക്ക് ജീവൻ നിലനിർത്താൻ ഇത് അത്യാവശ്യമാണ്. പുതിയ ചർമ്മം പരിക്കേറ്റ ഭാഗത്ത് ഒരു കവചം നൽകുന്നു. മാത്രമല്ല അണുബാധ കുറയ്ക്കാനും വേദന കുറയ്ക്കാനും ധാതുനഷ്ടവും ലവണനഷ്ടവും കുറയ്ക്കാനും സാധിക്കുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. വിശ്വനാഥൻ, പ്രിൻസിപ്പൽ ഡോ. ജബ്ബാർ, സൂപ്രണ്ട് ഡോ. ജയചന്ദ്രൻ, ആർഎംഒ ഡോ. അനൂപ്, കെ. സോട്ടോ നോഡൽ ഓഫീസർ ഡോ. നോബിൾ ഗ്രേഷ്യസ് തുടങ്ങിയവർ ഏകോപനമൊരുക്കി.

ആശുപത്രികൾക്കും പഞ്ചായത്തുകൾക്കുമുള്ള

# ആന്റിബയോട്ടിക് സ്മാർട്ട് സമഗ്ര പ്രവർത്തന മാർഗരേഖ പുറത്തിറക്കി

എല്ലാ സ്ഥാപനങ്ങൾക്കും മാനദണ്ഡങ്ങൾക്കനുസരിച്ച് കളർ കോഡ്



തിരുവനന്തപുരം: സംസ്ഥാനത്തെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികൾക്കും പഞ്ചായത്തുകൾക്കുമുള്ള സമഗ്ര പ്രവർത്തന മാർഗരേഖ പുറത്തിറക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആന്റിബയോട്ടിക് സാക്ഷര കേരളം പദ്ധതിയുടെ ഭാഗമായുള്ള മാർഗരേഖ നേരത്തെ പുറത്തിറക്കിയിരുന്നു. ആന്റിബയോട്ടിക് സാക്ഷര കേരളം പദ്ധതിയുടെ ഭാഗമായി ആന്റിബയോട്ടിക് സാക്ഷര പഞ്ചായത്ത് എന്ന നൂതനമായ ആശയം ലോകത്ത് ആദ്യമായി കേരളം അവതരിപ്പിച്ചിരുന്നു. എ.എം.ആർ പ്രതിരോധത്തിന്റെ ഭാഗമായി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ ആശുപത്രികളേയും കളർകോഡ് ചെയ്യുന്നതിനെപ്പറ്റിയുള്ള ഉത്തരവും പുറത്തിറക്കി. ഈ കളർ കോഡിലൂടെ ആശുപത്രികളുടെ അക്രഡിറ്റേഷനും ലക്ഷ്യമിടുന്നു. ഇതുൾപ്പെടെയുള്ള കാര്യങ്ങളാണ് എസ്.ഒ.പി.യിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും മന്ത്രി വ്യക്തമാക്കി.

'എന്റെ കേരളം ആന്റിബയോട്ടിക് സാക്ഷര കേരളം' എന്ന ടാഗ് ലൈനോടെ 10 സന്ദേശങ്ങൾ നടപ്പിലാക്കി വരുന്നു. ആന്റിമൈക്രോബിയൽ പ്രതിരോധത്തിന്റെ നിശബ്ദ മഹാമാരിയെ ശാസ്ത്രീയമായി നേരിടാൻ ആരോഗ്യ വകുപ്പ് വിവിധ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഏകാരോഗ്യ സമീപനത്തിലൂന്നി എല്ലാ അനുബന്ധ വകുപ്പുകളുടെയും പങ്കാളിത്തത്തോടെ ആന്റിബയോട്ടിക് സാക്ഷര സംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആരോഗ്യ വകുപ്പ് പ്രവർത്തിച്ചു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പ്രാഥമിക, ദ്വിതീയ, തൃതീയ തലങ്ങളിലുള്ള ആശുപത്രികളെയും, ആരോഗ്യ സേവന ദാതാക്കളെയും ഉൾപ്പെടുത്തിയാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. സമൂഹത്തിലും സ്ഥാപനത്തിലും ആന്റിമൈക്രോബിയൽ പ്രതിരോധത്തിന്റെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികൾ, ആന്റിമൈക്രോബിയൽ സ്റ്റ്യൂവാർഡ്ഷിപ്പ് കംപ്ലയന്റ് ആശുപത്രികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആന്റിബയോട്ടിക് സാക്ഷരത എന്നിവയ്ക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിന് ഒരു നൂതന അക്രഡിറ്റേഷൻ സംവിധാനം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

പലതലങ്ങളിലുള്ള ആശുപത്രികളിലെ ആന്റിമൈക്രോബിയൽ സ്റ്റ്യൂവാർഡ്ഷിപ്പ് കമ്മിറ്റികളുടെ ഘടന എങ്ങനെയായിരിക്കണം എന്നതിനെ സംബന്ധിച്ചും ഈ മാർഗ രേഖയിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്.

എസ്.ഒ.പി. പുറത്തിറക്കിയതിന് ശേഷം 3 മാസത്തിനുള്ളിൽ ആരോഗ്യ വകുപ്പിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് കളർ കോഡ് ചെയ്തിരിക്കണം.

ജില്ലാ, ബ്ലോക്ക് എഎംആർ കമ്മിറ്റികൾ അവർക്ക് കീഴിലുള്ള എല്ലാ സ്വകാര്യ ആശുപത്രികളും കളർ കോഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കണം.

കളർ കോഡിംഗ് (ഇളം നീല ഒഴികെ) സ്ഥാപന സമിതിക്ക് തന്നെ വിലയിരുത്താൻ കഴിയും.

ബ്ലോക്ക്/ജില്ലാ/ഡിഎംഇ കമ്മിറ്റികൾ ആറ് മാസത്തിലൊരിക്കൽ വ്യക്തിഗത സ്ഥാപനങ്ങളുടെ കളർ കോഡിംഗിന്റെ വിലയിരുത്തൽ നടത്തണം.

രോഗ ലക്ഷണങ്ങൾ പരിശോധിക്കണം

# കുഷ്ഠരോഗം പൂർണ്ണമായും ഭേദമാക്കാം




തിരുവനന്തപുരം: കൃത്യമായ ചികിത്സയിലൂടെ കുഷ്ഠ രോഗം പൂർണമായും ഭേദമാക്കാനാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഒരു വർഷത്തെ ചികിത്സയിലൂടെ രോഗം പൂർണമായും ഭേദമാക്കാവുന്നതാണ്. സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ പൂർണമായും സൗജന്യമാണ്. ആരംഭത്തിലേ ചികിത്സിച്ചാൽ കുഷ്ഠരോഗം മൂലമുള്ള വൈകല്യങ്ങൾ തടയുന്നതിനും രോഗ പകർച്ച ഒഴിവാക്കുന്നതിനും സാധിക്കുന്നതാണ്. 2024–25 കാലയളവിൽ 368 ആളുകളിൽ പുതിയതായി കുഷ്ഠരോഗം കണ്ടെത്തിയിട്ടുണ്ട്. നിലവിൽ 521 രോഗികൾ ചികിത്സയിലുണ്ട്. സമൂഹത്തിൽ ആരിലെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ ആരംഭത്തിലേ കണ്ടെത്തി ചികിത്സ ലഭ്യമാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി. അശ്വമേധം 7.0 കുഷ്ഠരോഗ നിർണയ ഭവന സന്ദർശനം സംസ്ഥാനതല ഉദ്ഘാടനം കോട്ടൺഹിൽ സ്കൂളിൽ വച്ച് നിർവഹിക്കുകയായിരുന്നു മന്ത്രി.

സാധാരണയായി തൊലിപ്പുറമേയുള്ള നിറവ്യത്യാസങ്ങളാണ് ആദ്യമായി കാണുന്നത്. ചുണങ്ങുപോലെ നിറം മങ്ങിയതോ ചുവന്നതോ ചെമ്പ് നിറത്തിലുള്ളതോ ആയ സ്പർശന ക്ഷമത കുറഞ്ഞ പാടുകൾ കുഷ്ഠരോഗത്തിന്റെ ആദ്യ ലക്ഷണങ്ങളാണ്. ചൂട് തണുപ്പ് വേദന എന്നിവയ്ക്കുള്ള സംവേദനക്ഷമതയും നഷ്ടപ്പെടും. കുഷ്ഠരോഗം ബാഹ്യ നാഡികളെ ബാധിക്കുമ്പോൾ നാഡികൾക്ക് തടിപ്പ്, കൈകാൽ തരിപ്പ്, ബലക്കുറവ്, വേദന ഉണങ്ങാത്ത വ്രണങ്ങൾ എന്നിവയും ഉണ്ടാകാം. ബാഹ്യകർണത്തിലും മുഖത്തും മറ്റ് ശരീരഭാഗങ്ങളിലും തടിപ്പുകൾ പ്രത്യക്ഷപ്പെടാം.

കേരളത്തിലെ ആരോഗ്യ സൂചികകൾ ഏറ്റവും മികച്ചതാണ്. ഏറ്റവും അധികം ആയുർദൈർഘ്യം കൂടുതലുള്ള സംസ്ഥാനമാണ് കേരളം. ഏറ്റവും കുറവ് മാതൃ ശിശു മരണനിരക്കുള്ള സംസ്ഥാനമാണ് കേരളം. ശിശുമരണ നിരക്ക് അമേരിക്കയേക്കാൾ കുറവാണ്. കേരളത്തിലെ ആരോഗ്യ, സാമൂഹിക സംവിധാനങ്ങൾ ഏറ്റവും മികച്ചതായതാണ് ഇതിന്റെ കാരണങ്ങളിലൊന്ന്. ഡോക്ടർ രോഗി അനുപാതം ഏറ്റവും മികച്ചതും കേരളത്തിലാണ്. നമ്മൾ എത്ര നാൾ ജീവിച്ചാലും ആരോഗ്യത്തോടെ ജീവിക്കാൻ കഴിയണം. സംസ്ഥാനത്ത് സ്കൂൾ ഹെൽത്ത് പരിപാടി ഉടൻ നടപ്പിലാക്കുന്നതാണ്. കുട്ടികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കി ശാരീരികവും മാനസികവുമായ സമഗ്രമായ വികസനമാണ് ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി.

ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, അഡീഷണൽ ഡയറക്ടർ ഡോ. റീത്ത കെ.പി., ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, സ്റ്റേറ്റ് ലെപ്രസി ഓഫീസർ ഡോ. മണികണ്ഠൻ ജെ, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അനോജ്, കോട്ടൺഹിൽ സ്കൂൾ പ്രിൻസിപ്പൽ ഗ്രീഷ്മ വി, ഹെഡ്മിസ്ട്രസ് ഗീത ജി, എസ്എംസി ചെയർമാൻ ബ്രിജിത്ത് ലാൽ തുടങ്ങിയവർ പങ്കെടുത്തു.

കലയിലൂടെ... കളിയിലൂടെ...

# വിദ്യാർത്ഥികൾ വെൽനസിലേക്ക്




ഇടുക്കി: സംസ്ഥാന സർക്കാരിന്റെ വൈബ് 4 വെൽനസ്സ് കാമ്പയിൻ ജില്ലയിലെ കലാലയങ്ങൾ ഏറ്റെടുക്കുന്നു. ഇടുക്കി ജില്ലയിലെ കോളേജ് വിദ്യാർത്ഥികൾക്കായുള്ള ജീവിതശൈലി ബോധവത്ക്കരണ പരിപാടിയായ 'റെയ്സ് ടു ഹെൽത്ത്' കാമ്പയിന്റെ ഈ വർഷത്തെ തീം ആയി വൈബ് 4 വെൽനസ്സ് ഏറ്റെടുത്തുകൊണ്ട് ബ്ലോക്ക് കലാകായിക മത്സരങ്ങൾക്ക് തുടക്കമായി.

ജില്ലയിലെ 38 കോളേജിലെ വിദ്യാർത്ഥികളാണ് ഈ വർഷം പദ്ധതിയുടെ ഭാഗമാകുന്നത്. പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്കായി ഫുട്ബോൾ, ബാഡ്മിന്റൺ മത്സരങ്ങളും അധ്യാപകർക്കായി സുംബാ മത്സരവും നടക്കുന്നു. കൂടാതെ പദ്ധതികളുടെ ഭാഗമായി റീൽസ് മത്സരവും നടക്കുന്നു. 7 ബ്ലോക്ക് തല കാമ്പയിനുകൾ, ജില്ലാതല ഗ്രാന്റ് ഫിനാലേയുമാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

87 കുടുംബാരോഗ്യ കേന്ദ്രങ്ങൾ കൂടി യാഥാർത്ഥ്യമായി

# സംസ്ഥാനത്ത് 750 കുടുംബാരോഗ്യ കേന്ദ്രങ്ങൾ സജ്ജം




തിരുവനന്തപുരം: നവകേരളം കർമ്മ പദ്ധതി ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്ത് 87 കുടുംബാരോഗ്യ കേന്ദ്രങ്ങൾ കൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി പ്രവർത്തനസജ്ജമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും അധികമായി ജീവനക്കാരെ നിയമിച്ചും ഘട്ടം ഘട്ടമായാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നത്. ഇതോടെ ആകെ 750 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയതെന്നും മന്ത്രി വ്യക്തമാക്കി.

ഈ സർക്കാരിന്റെ കാലത്ത് ആരോഗ്യ മേഖലയിൽ വലിയ വികസന പ്രവർത്തനങ്ങളാണ് നടത്തിയത്. 10,000 കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷ ഉറപ്പാക്കാനായി ഈ സർക്കാർ 5416 ജനകീയാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചു. ഇതുകൂടാതെ നഗര പ്രദേശങ്ങളിൽ 356 നഗര ജനകീയാരോഗ്യ കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കി. ആർദ്രം മിഷന്റെ ഭാഗമായി 913 ആശുപത്രികളിൽ നിർമ്മാണം പൂർത്തിയാക്കി. 90 ആശുപത്രികളിൽ നിർമ്മാണം പുരോഗമിക്കുന്നു. 14 ജില്ലാ, ജനറൽ ആശുപത്രികളിലും 26 താലൂക്ക് ആശുപത്രികളിലും ഒപി വിഭാഗം നവീകരിച്ചു. 102 സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി. 13 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ശാക്തീകരിച്ചു.

രാവിലെ 9 മണിമുതൽ 6 മണി വരെയുള്ള ഒപി സേവനങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രത്യേകത. ആശുപത്രികളെ ജനസൗഹൃദമാക്കുന്നതിനായി എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും ഉപയോഗിക്കുന്നതിനായി റാംപ്, രോഗികളുടെ സ്വകാര്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ പരിശോധനാ മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ഫാർമസി, ലാബ്, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ് മുറികളിൽ ബോധവത്ക്കരണത്തിനായി ടെലിവിഷൻ, എയർപോർട്ട് ചെയർ, ദിശാബോർഡുകൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗീ സൗഹൃദ ശുചിമുറികൾ എന്നിവ ഉറപ്പാക്കുന്നു. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളും വയോജന/സ്ത്രീ/ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിക്കുന്നത്.

ആരോഗ്യ മേഖലയിലെ വലിയ വികസനത്തിന്റെ ഫലമായി 290 ആരോഗ്യ കേന്ദ്രങ്ങൾക്കാണ് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചത്. സംസ്ഥാനത്തെ 9 ജില്ലാ ആശുപത്രികൾ, 8 താലൂക്ക് ആശുപത്രികൾ, 14 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 47 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 172 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 40 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയാണ് എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുള്ളത്.

ജപ്പാൻ മസ്തിഷ്ക ജ്വരത്തിനെതിരെ

## ശക്തമായ പ്രതിരോധം തീർത്ത് കോഴിക്കോട്



കോഴിക്കോട്: ജപ്പാൻ മസ്തിഷ്ക ജ്വരത്തിനെതിരായുള്ള പ്രതിരോധ കുത്തിവെപ്പ് ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം തിരുവമ്പാടി സേക്രട് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മില്ലി മോഹൻ കൊട്ടാരത്തിൽ നിർവഹിച്ചു.

ജില്ലയിൽ ഒരു വയസ്സിനും 15 വയസ്സിനും ഇടയിലുള്ള കുട്ടികൾക്കാണ് ജപ്പാൻ മസ്തിഷ്ക ജ്വരത്തിനെതിരായുള്ള ഒറ്റ തവണ പ്രതിരോധ കുത്തിവെപ്പ് നൽകുന്നത്. 6,76,176 ലക്ഷം കുട്ടികൾക്കാണ് പ്രതിരോധ കുത്തിവെപ്പ് നൽകാൻ ലക്ഷ്യമിടുന്നത്. ജില്ലയിൽ നടന്ന കുത്തിവെപ്പ് ക്യാമ്പയിനിൽ 7735 കുട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പ് നൽകി. വരും ദിവസങ്ങളിലും സ്കൂളുകളും അംഗണവാടികളും ആരോഗ്യ കേന്ദ്രങ്ങളും കേന്ദ്രീകരിച്ച് കുട്ടികൾക്ക് കുത്തിവെപ്പ് നൽകുന്നതാണ്.

തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജിതിൻ പല്ലാട്ട് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ല ആർ സി എച്ച് ഓഫീസർ ഡോ. നവ്യ ജെ തൈക്കാട്ടിൽ മുഖ്യപ്രഭാഷണം നിർവഹിച്ചു. ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ഷാജി സി കെ കാമ്പയിൻ സന്ദേശം നൽകി. സ്കൂൾ മാനേജർ റവ. ഫാദർ തോമസ് ബോധവൽക്കരണ പോസ്റ്റർ പ്രകാശനം നടത്തി. തിരുവമ്പാടി കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. കെ വി പ്രിയ, തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡ് അജിത പി ആർ , ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ഫിറോസ് ഖാൻ, വാർഡ് മെമ്പർമാരായ ബിജു എണ്ണാറമണ്ണിൽ, സ്കൂൾ പ്രിൻസിപ്പാൾ വിപിൻ എം സെബാസ്റ്റ്യൻ, സ്കൂൾ അധ്യാപൻ പി സജി തോമസ്, മുക്കം സി എച്ച്സി ഹെൽത്ത് സൂപ്പർവൈസർ സിജു കെ നായർ, എൻഎച്ച്എം ദിവ്യചേലാട്ട് , രതി ടീച്ചർ (ഐസി ഡി എസ്സ് ) പിഎച്ച് എൻ ത്രേസ്യ സി ജെ , ഹെൽത്ത് ഇൻസ്പെക്ടർ സുനീർ എം തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

നിർണായക ചുവടുവെയ്പ്പ്: ഇന്ത്യയിൽ ആദ്യമായി

## പി.എൻ രോഗികൾക്ക് സമഗ്ര ചികിത്സ ലഭ്യമാക്കുന്ന ആദ്യ സംസ്ഥാനം



തിരുവനന്തപുരം: ഇന്ത്യയിൽ ആദ്യമായി അപൂർവ രോഗമായ പ്ലെക്സിഫോം ന്യൂറോഫൈബ്രോമാറ്റോസിസ് (പി.എൻ) രോഗികൾക്ക് സൗജന്യ ചികിത്സ നൽകി കേരളം. സംസ്ഥാന ആരോഗ്യവകുപ്പ് നടപ്പിലാക്കിയ 'കെയർ' അപൂർവരോഗ ചികിത്സാ പദ്ധതിയുടെ ഭാഗമായി പി.എൻ രോഗികൾക്കായി സമഗ്ര ചികിത്സയും മരുന്ന് സഹായവും ആരംഭിച്ചു. പി.എൻ പോലുള്ള അപൂർവ രോഗങ്ങൾക്കുള്ള ചികിത്സ ലക്ഷങ്ങൾ ചെലവാകുന്നതിനാൽ കേന്ദ്ര സർക്കാർ എൻ.പി.ആർ.ഡി പദ്ധതിയിൽ ഉൾപ്പെടാത്ത രോഗികൾക്ക് പരിചരണം ലഭിക്കുന്നത് വളരെ ബുദ്ധിമുട്ടായിരുന്നു. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ നിർദേശ പ്രകാരം കെയർ പദ്ധതിയിലൂടെയാണ് കേരളം ഇത് മറികടന്നത്.

തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ ചികിത്സയിലുള്ള ഒരു കുഞ്ഞിനാണ് ആദ്യ മരുന്ന് നൽകിയത്. 10 ലക്ഷം രൂപയുടെ മരുന്നാണ് നൽകിയത്. ഇതോടെ പിഎൻ രോഗികൾക്ക് സംസ്ഥാന സർക്കാർ സംവിധാനത്തിലൂടെ സമഗ്ര ചികിത്സ നൽകുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം കേരളമായി.

അപൂർവ രോഗങ്ങൾക്കുള്ള കരുതലിന്റെ കേരളമാതൃകയാണ് കെയർ പദ്ധതി. രോഗനിർണയം മുതൽ മരുന്ന്, പിന്തുണാ സേവനങ്ങൾ, സാമ്പത്തിക – മാനസിക പിന്തുണ തുടങ്ങി ചികിത്സയുടെ എല്ലാ ഘട്ടങ്ങളും കെയർ പദ്ധതി ഉറപ്പാക്കുന്നു. അപൂർവ രോഗങ്ങൾക്ക് വിലപിടിപ്പുള്ള മരുന്നുകൾ നൽകാനുള്ള പദ്ധതിയും ലൈസോസോമൽ സ്റ്റോറേജ്, ഗ്രോത്ത് ഹോർമോൺ തുടങ്ങിയ രോഗങ്ങൾക്ക് മരുന്ന് നൽകുന്ന പദ്ധതിയും ഈ സർക്കാർ നടപ്പിലാക്കിയിരുന്നു. രാജ്യത്തെ 12 ആശുപത്രികളിലൊന്നായി എസ്.എ.ടി. ആശുപത്രിയെ അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസായി തെരഞ്ഞെടുത്തിട്ടുണ്ട്. പ്രതിവർഷം കോടികൾ ചെലവ് വരുന്ന എസ്.എം.എ. തുടങ്ങിയ അപൂർവ രോഗങ്ങൾക്ക് സൗജന്യ വിദഗ്ധ ചികിത്സ ഈ പദ്ധതിയിലൂടെ ഉറപ്പാക്കുന്നു. രോഗം അപൂർവമാണെങ്കിലും ചികിത്സ അപൂർണമാകരുത് എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

കേരളത്തിന്റെ

# പാലിയേറ്റീവ് പരിചരണ സംവിധാനത്തെ അഭിനന്ദിച്ച് ഡെൻമാർക്ക് സംഘം

ഡെൻമാർക്ക് മന്ത്രിതല സംഘം മന്ത്രി വീണാ ജോർജുമായി ചർച്ച നടത്തി



ഡെൻമാർക്ക് മന്ത്രിതല സംഘവുമായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് കൂടിക്കാഴ്ച്ച നടത്തുന്നു

തിരുവനന്തപുരം: കേരളത്തിന്റെ പാലിയേറ്റീവ് കെയർ സംവിധാനത്തെ അഭിനന്ദിച്ച് ഡെൻമാർക്ക് സംഘം. കേരളം നടത്തുന്ന ഗൃഹാധിഷ്ഠിത പാലിയേറ്റീവ് കെയർ മികച്ച മാതൃകയാണ്. വയോജനങ്ങളുടെ ആരോഗ്യ പരിപാലനത്തിൽ കേരളം നടത്തുന്ന പ്രവർത്തനങ്ങൾ പ്രത്യേകം എടുത്തു പറഞ്ഞു. വയോജന പരിപാലനത്തിലും പാലിയേറ്റീവ് കെയറിലും കേരളത്തിന്റെ പിന്തുണ സംഘം അഭ്യർത്ഥിച്ചു. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജുമായി ചർച്ച നടത്തുകയായിരുന്നു സംഘം.

വയോജന പരിപാലനത്തിന് കേരളം വലിയ പ്രാധാന്യമാണ് നൽകുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആയുർദൈർഘ്യം ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് കേരളം. വയോജന പരിപാലനത്തിനായി ആരോഗ്യ വകുപ്പും സാമൂഹ്യനീതി വകുപ്പും വിവിധങ്ങളായ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. വയോജന പരിപാലനത്തിന് പ്രത്യേകം പ്രാധാന്യം നൽകി ജെറിയാട്രിക് വിഭാഗം ആരംഭിച്ചു. പാലിയേറ്റീവ് രോഗികളുടെ പരിചരണത്തിനായി സമഗ്ര പാലിയേറ്റീവ് കെയർ പദ്ധതി 'കേരള കെയർ' ആരംഭിച്ചു. എല്ലാ കിടപ്പ് രോഗികൾക്കും പരിശീലനം സിദ്ധിച്ച ഒരു സന്നദ്ധ സേവകന്റെ സേവനം ഉറപ്പാക്കി. ഗൃഹാധിഷ്ഠിത പരിചരണം ഉറപ്പാക്കാനായി പാലിയേറ്റീവ് ഗ്രിഡ് രൂപീകരിച്ചതായും മന്ത്രി പറഞ്ഞു.

അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രവുമായി സഹകരിക്കാനുള്ള താത്പര്യം ഡെൻമാർക്ക് സംഘം അറിയിച്ചു. കേരളത്തിൽ നിന്നുള്ള ആരോഗ്യ പ്രവർത്തകരെ ഡെന്മാർക്കിലേക്ക് റിക്രൂട്ട് ചെയ്യുന്നതിനായി നോർക്ക റൂട്സും ഡെന്മാർക്ക് മിനിസ്ട്രി ഓഫ് സീനിയർ സിറ്റിസൺസും തമ്മിലുള്ള കരാർ ജനുവരി 8ന് കൈമാറും.

ഡെൻമാർക്ക് സംഘം നഴ്സിംഗ് കോളേജ് സന്ദർശിച്ചു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, നഴ്സിംഗ് വിദ്യാർത്ഥികൾ എന്നിവരുമായും സംഘം സംവദിച്ചു.

ഡെന്മാർക്ക് മിനിസ്റ്റർ ഓഫ് സീനിയർ സിറ്റിസൺസ് മെറ്റെ കിയർക്ഗാർഡ്, ഇന്ത്യയിലെ ഡെൻമാർക്ക് അംബാസിഡർ റാസ്മസ് അബിൽഡ്ഗാർഡ് ക്രിസ്റ്റൻസൻ, മിനിസ്ട്രി ഓഫ് സീനിയർ സിറ്റിസൻസ് ഡെപ്യൂട്ടി പെർമനന്റ് സെക്രട്ടറി കിർസ്റ്റൻ ഹാൻസൻ, മിനിസ്റ്റീരിയൽ സെക്രട്ടറി ഫീ ലിഡാൽ ജോഹാൻസൻ, സീനിയർ അഡ്വൈസർ എസ്പൻ ക്രോഗ്, എംബസിയിൽ നിന്നും ഹെഡ് ഓഫ് സെക്ടർ പോളിസി എമിൽ സ്റ്റോവ്രിംഗ് ലോറിറ്റ്സൻ, ഹെൽത്ത് കൗൺസിലർ ലൂയിസ് സെവൽ ലുണ്ടസ്ട്രോം, പ്രോഗ്രാം ഓഫീസർ നികേത് ഗെഹ്നലാവത് എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.


ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ, നോർക്ക വകുപ്പ് സെക്രട്ടറി ടി.വി അനുപമ, നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കൊളശ്ശേരി, നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് മാനേജർ പ്രകാശ് പി ജോസഫ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

വയനാടൻ ആരോഗ്യമേഖല

# നേരിട്ടറിയാൻ എൻ.എച്ച്.എം മിഷൻ ഡയറക്ടർ



വയനാട് : കേന്ദ്ര ആരോഗ്യമന്ത്രാലയത്തിൽ നിന്നുള്ള അഡീഷണൽ സെക്രട്ടറിയും എൻ.എച്ച്.എം മിഷൻ ഡയറക്ടറുമായ ആരാധന പട്നായിക് ജില്ലയിലെ വിവിധ ആരോഗ്യസ്ഥാപനങ്ങളിൽ സന്ദർശനം നടത്തി. എൻ.എച്ച്.എം ഡയറക്ടർ ഡോ. കൗസ്തുഭ് സന്ദീപ് ഗിരി, സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. ഇ ബിജോയ്, മെറ്റേണൽ ഹെൽത്ത് സ്റ്റേറ്റ് നോഡൽ ഓഫിസർ ഡോ. ലിപ്സി പോൾ, കോഴിക്കോട് ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സി.കെ ഷാജി, മുൻ ഡിപിഎം ഡോ. നവീൻ എന്നിവരും മിഷൻ ഡയറക്ടർക്കൊപ്പമുണ്ടായിരുന്നു. ആസ്പിരേഷൻ ജില്ലയായ വയനാടിന്റെ ആരോഗ്യസംവിധാനങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് വിലയിരുത്താനാണ് സംഘം ജില്ലയിലെത്തിയത്. വൈത്തിരിയിൽ എത്തിയ സംഘത്തെ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സമീഹ സൈതലവി, വൈത്തിരി താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. പ്രിയാ സേനൻ, എൻ.സി.ഡി നോഡൽ ഓഫിസർ ഡോ. ദീപ എന്നിവരുടെ നേതൃത്വത്തിൽ ജില്ലാതല ഉദ്യോഗസ്ഥർ സ്വീകരിച്ചു. തുടർന്ന് കുറുമ്പാലക്കോട്ട ആയുഷ്മാൻ ആരോഗ്യമന്ദിരത്തിലെത്തിയ സംഘം ഫീൽഡ് തലത്തിലടക്കം കേന്ദ്രത്തിന്റെ പ്രവർത്തനം ചോദിച്ചറിഞ്ഞു. നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രം, സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലായിരുന്നു സന്ദർശനം. കുടുംബാരോഗ്യ കേന്ദ്രത്തെ റിസോർട്ട് സംവിധാനങ്ങളോട് ഉപമിച്ച മിഷൻ ഡയറക്ടർ ജീവനക്കാരെ അഭിനന്ദിക്കുകയും മുന്നോട്ടുള്ള പ്രവർത്തനങ്ങൾ എങ്ങനെ കൊണ്ടുപോകണമെന്നമുള്ള നിർദേശങ്ങൾ നൽകുകയും ചെയ്തു. അമ്പലവയൽ, മേപ്പാടി കുടുംബാരോഗ്യ കേന്ദ്രങ്ങൾ, വടുവൻചാൽ ആയുഷ്മാൻ ആരോഗ്യമന്ദിർ എന്നിവയുടെ പ്രവർത്തനങ്ങൾ കൂടി വിലയിരുത്തിയ ശേഷം സംഘം തിരികെ മടങ്ങി. ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. ആൻസി മേരി ജേക്കബ്, ഡിപിഎം ഡോ. സമീഹ സൈതലവി, ജില്ലാ എജ്യുക്കേഷൻ ആന്റ് മീഡിയ ഓഫിസർ മുഹമ്മദ് മുസ്തഫ, ഡെപ്യൂട്ടി ജില്ലാ എജ്യുക്കേഷൻ ആന്റ് മീഡിയ ഓഫിസർ പി.എം ഫസൽ, വിവിധ പ്രോഗ്രാം ഓഫിസർമാർ സംഘത്തെ അനുഗമിച്ചു.




സ്പെയ്നിൽ മാസങ്ങൾ

# ഇങ്ങ് ആലപ്പുഴ ജനറൽ ആശുപത്രിയിലോ മിനിട്ടുകൾ....

അഭിനന്ദന പ്രവാഹവുമായി വിദേശി

ആലപ്പുഴ : സംസ്ഥാനത്തെ ആരോഗ്യ രംഗത്തെ പ്രകീർത്തിച്ച് സ്പെയിൻ സ്വദേശിയായ വിനോദ സഞ്ചാരി. സോളോ ട്രാവല്ലറായ വെറോണിക്കയാണ് സഞ്ചാരത്തിനിടെ ചികിത്സ തേടി ആലപ്പുഴ ജനറൽ ആശുപത്രിയിൽ എത്തിയത്. മിനിറ്റുകൾക്കുള്ളിൽ മികച്ച ചികിത്സ ലഭ്യമാവുകയും തുടർന്ന് തന്റെ അനുഭവം സോഷ്യൽ മീഡിയയിൽ പങ്ക് വെക്കുകയും ചെയ്തു. തന്റെ സ്വദേശമായ സ്പെയിനിൽ ഒരു ഡെർമറ്റോളജിസ്റ്റിനെ കാണാൻ എട്ടു മാസത്തോളം കാത്തിരിക്കേണ്ടി വരുന്ന സ്ഥാനത്ത്, ആലപ്പുഴയിൽ പത്ത് മിനിട്ടിനുള്ളിൽ സേവനം ലഭ്യമായത് തന്നെ ആശ്ചര്യപ്പെടുത്തിയെന്ന് വെറോണിക്ക വീഡിയോയിൽ പറയുന്നു. 'ഇന്ത്യയിൽ എല്ലായിടത്തും ഇത്തരം സേവനം ലഭിക്കുമോ എന്നറിയില്ല , സ്പെയിനിൽ ഡോക്ടറുടെ അപ്പോയിന്റ്മെന്റിന് മാസങ്ങൾ കാത്തിരിക്കണം. ആലപ്പുഴയിൽ സർക്കാർ ആശുപത്രിയിലെത്തിയപ്പോൾ കേവലം രജിസ്ട്രേഷൻ പൂർത്തിയാക്കി പത്ത് മിനിറ്റ് കൊണ്ട് ഡോക്ടറെ കണ്ട് മരുന്ന് വാങ്ങി. രണ്ടാഴ്ച്ച മുമ്പാണ് ആലപ്പുഴ ജനറൽ ആശുപത്രിയിൽ വെറോണിക്ക ചികിത്സ തേടിയത് . ഇന്ത്യയിലെ ഗവർൺമെന്റ് ആശുപത്രിയിലെ അനുഭവമെന്ന അടിക്കുറിപ്പും കയ്യടികളോടെയാണ് വെറോണിക്ക വീഡിയോ പങ്ക് വച്ചത്.



ആരോഗ്യ പ്രവർത്തകർക്കായി

# ദ്വിദിന നിപ്പാ റിപ്പോർട്ടിംഗ് ശില്പശാല




കേരള വൺ ഹെൽത്ത്സെന്റർ ഫോർ നിപ്പാ റിസർച്ച് മെഡിക്കൽ കോളേജിൽ നടന്ന ദ്വിദിന നിപ്പാ ഐഇസി ശില്പശാല

കോഴിക്കോട്: നിപ്പാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേരള വൺ ഹെൽത്ത്സെന്റർ ഫോർ നിപ്പ റിസർച്ച് സെന്ററും കെസിഡിസിയും സംയുക്തമായി വിവിധ കാറ്റഗറി ആരോഗ്യ പ്രവർത്തകർക്കുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. സംസ്ഥാനത്ത് പല കാലഘട്ടങ്ങളിലായി നിപ്പാ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആരോഗ്യവകുപ്പ് ഫലപ്രദമായി നേരിട്ട രീതികളെക്കുറിച്ചും ഇനിയും നിപ്പ പോലുള്ള കേസുകൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യങ്ങളിൽ ആരോഗ്യവകുപ്പ് കൈക്കൊള്ളേണ്ട തയ്യാറെടുപ്പുകളെ കുറിച്ചും ഡോക്ടർ അനീഷ് ടി എസ്, നോഡൽ ഓഫീസർ കേരള വൺ ഹെൽത്ത് സെന്റർ ഫോർ വൺ ഹെൽത്ത്സെന്റർ, ഡോക്ടർ നവീൻ എ, സ്റ്റേറ്റ് പ്രൊജക്റ്റ് ഹെഡ് കെ.സി.ഡി.സി എന്നിവർ സംസാരിച്ചു. തുടർന്ന് നിപ്പ പ്രതിരോധശേഷി, നിപ്പ ഫീൽഡ് നിരീക്ഷണം, നിപ്പ മാനേജ്മെന്റ്, രോഗനിർണയവും സാമ്പിൾ മാനേജ്മെന്റും, ക്ലിനിക്കൽ മാനേജ്മെന്റ് അണുബാധ നിയന്ത്രണം, നിപ്പ ജാഗ്രത കലണ്ടർ എന്നി വിഷയങ്ങളിൽ ചർച്ച നടത്തി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിന് അടിസ്ഥാനമാക്കി ഡോക്യുമെന്റേഷനും ആവശ്യമുള്ള ഐ.ഇ.സി കളും തയ്യാറാക്കാനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു.

ഡോ. കെ ജി സജിത്ത് കുമാർ, പ്രിൻസിപ്പൽ ഗവൺമെന്റ് മെഡിക്കൽ കോളേജ് കോഴിക്കോട്, ഡോ. ശ്രീജയൻ എം.പി, സൂപ്രണ്ട് ഗവൺമെന്റ് മെഡിക്കൽ കോളേജ്, ഡോ.ഷാജി സി കെ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ ആരോഗ്യ കേരളം, ഡോക്ടർ അനിത എച്ച്.ഒ.ഡി മൈക്രോബയോളജി, ഡോ. ഹസ്മ, എച്ച്..ഒ.ഡി കമ്മ്യൂണിറ്റി മെഡിസിൻ, ഡോ. ഷമീർ അസോസിയേറ്റ് പ്രൊഫസർ ഗവൺമെന്റ് മെഡിക്കൽ കോളേജ് കോഴിക്കോട്, ഡോ. അഖിലേഷ് കുമാർ ആർദ്രം നോഡൽ ഓഫീസർ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. ഡോ. ഭഗീരഥൻ മുരുകവേൽ, പോസ്റ്റ് ഡോക്ടറൽ റിസെർച്ചർ ഗഎഞകെ, ശ്രീ ദിനേശ് വി വി, റിട്ടയേഡ് ടെക്നിക്കൽ അസിസ്റ്റന്റ് ഹെൽത്ത് സർവീസ്, ശ്രീ സന്ദീപ് ക്രിയേറ്റീവ് മങ്കീസ് എന്നിവർ പരിശീലനത്തിൽ വിവിധ ക്ലാസുകൾ എടുത്തു. 40 പേർ പങ്കെടുത്ത ശില്പശാല ജനുവരി 21, 22 തീയതികളിൽ കേരള വൺ ഹെൽത്ത്സെന്റർ ഫോർ നിപ്പാ റിസർച്ച് മെഡിക്കൽ കോളേജ് വച്ചാണ് സംഘടിപ്പിച്ചത്.

കരുതലിന്റെ കരസ്പർശമേകി

# പാലിയേറ്റീവ് ദിനാചരണം



തൃശ്ശൂർ : ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ഇം.എം.എസ്. സ്ക്വയറിർ വെച്ച് ജില്ലാതല പാലിയേറ്റീവ് ദിവാചരണം സംഘടിപ്പിച്ചു. തിരഞ്ഞെടുക്കപ്പെട്ട പാലിയേറ്റീവ് കെയർ രോഗികളും പ്രൈമറി/സെക്കണ്ടറി നഴ്സുമാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. തൃശ്ശൂർ കോർപ്പറേഷൻ മേയർ ഡോ.നിജി ജസ്റ്റിൻ ഉദ്ഘാടനം ചെയ്ത പരിപാടിയുടെ അദ്ധ്യക്ഷത തൃശ്ശൂർ കോർപ്പറേഷൻ ആരോഗ്യസ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ഷീന ചന്ദ്രൻ വഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ.ശ്രീദേവി. ടി.പി.വിഷയാവതരണം നടത്തുകയും ഡെപ്യൂട്ടി കളക്ടർ പ്രാൺ സിങ്ങ് മുഖ്യാതിഥിത്വം വഹിക്കുകയും ചെയ്തു. ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.സജീവ് കുമാർ പി സ്വാഗതം ആശംസിച്ചു. ഇന്റേണൽ വിജിലൻസ് ഓഫീസർ ശ്രീ മുഹമ്മദ് അനസ്, വനിതാ ശിശുവികസന വകുപ്പ് ജില്ലാ ഓഫീസർ ശ്രീമതി മീര, ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം) ഡോ.ബീനാകുമാരി, ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) ഡോ.ലതാ റാണി എന്നിവർ ആശംസകൾ അർപ്പിച്ചു. ഡെപ്യൂട്ടി ഡി.എം.ഒ.യും പാലിയേറ്റീവ് ജില്ലാ നോഡൽ ഓഫീസറുമായ ഡോ.സുജ അലോഷ്യസ് നന്ദി പ്രകാശിപ്പിച്ചു. പരിപാടിയോടനുബന്ധിച്ച് പാലിയേറ്റീവ് രോഗികൾക്ക് ആരോഗ്യസന്ദേശങ്ങൾ അടങ്ങിയ സ്നേഹോപഹാരം നൽകി. ഓർമ്മയിൽ തങ്ങിനിൽക്കുന്ന ഒരു ദിനം സമ്മാനിക്കുന്നതിനായി പാലിയേറ്റീവ് രോഗികൾക്കുവേണ്ടി വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

# പാലിയേറ്റീവ് പരിചരണം അയൽപ്പക്ക കൂട്ടായ്മകളിലൂടെ



കാസറഗോഡ്: ജനുവരി 15 പാലിയേറ്റീവ് കെയർ ദിനാചരണത്തിന്റെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), ദേശീയാരോഗ്യ ദൗത്യം കാസർഗോഡ്, തദ്ദേശ സ്വയംഭരണ വകുപ്പ് കാസറഗോഡ്, കുടുംബരോഗ്യ കേന്ദ്രം പണത്തൂർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പനത്തടിഗ്രാമപഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ച ജില്ലാതല പരിപാടിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ കെ സോയ നിർവഹിച്ചു. പനത്തടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം പത്മകുമാരി അധ്യക്ഷത വഹിച്ചു. ജില്ലാതല ഉദ്ഘാടന പരിപാടിയുടെ ഭാഗമായി വോളന്റിയർ സംഗമം, സന്നദ്ധ സംഘടനകളെ ആദരിക്കൽ, ബോധവത്കരണ സെമിനാർ എന്നി പരിപാടികൾ നടന്നു. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ അജയ് രാജൻ ബോധവത്കരണ സെമിനാർ നയിച്ചു. 'സാർവത്രിക പാലിയേറ്റീവ് പരിചരണം അയൽപക്ക കൂട്ടായ്മകളിലൂടെ' എന്ന സന്ദേശമാണ് പാലിയേറ്റീവ് കെയർ ദിനം മുന്നോട്ട് വെക്കുന്നത്. കിടപ്പിലായ മുഴുവൻ രോഗികൾക്കും പാലിയേറ്റീവ് കെയർ വളണ്ടിയർമാരെ ലിങ്ക് ചെയ്ത കേരളത്തിലെ ആദ്യത്തെ പഞ്ചായത്ത് ആണ് പനത്തടി ഗ്രാമപഞ്ചായത്ത്. പാലിയേറ്റീവ് കെയറിന്റെ ഭാഗമായി ആകെ 14362 രോഗികൾ ആണ് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 6224 ക്യാൻസർ രോഗികൾ, 1200 ക്രോണിക് വൃക്ക രോഗികൾ, ഡ്രസിങ് ആവശ്യമായ 295 രോഗികൾ, ട്യൂബ് ഫീഡിങ് ആയുള്ള 88 രോഗികൾ, കൊളോസ്റ്റമി ചെയ്ത 173 രോഗികൾ എന്നിവർ ഉൾപ്പെടുന്നു. എല്ലാ മാസവും 822 ഹോം കെയറുകളിലായി 7659 രോഗികൾക്ക് പരിചരണം നൽകി വരുന്നു. കൂടാതെ എല്ലാ മാസവും അഞ്ഞൂറോളം രോഗികൾക്ക് ഫിസിയോതെറാപ്പി സേവനവും, സെക്കൻഡറി ഹോം കെയർ വിസിറ്റിന്റെ ഭാഗമായി ആയിരത്തോളം രോഗികൾക്ക് പരിചരണവും നൽകി വരുന്നുണ്ട്. കൂടാതെ ആയുർവേദ, ഹോമിയോ അലോപ്പതി, ഹോം കെയറുകളിലായി ഏതാണ്ട് 500 ഓളം രോഗികൾക്ക് പരിചരണം നൽകി വരുന്നു. കേരള ഗവൺമെന്റിന്റെ സാമൂഹിക സന്നദ്ധ സേന പോർട്ടൽ വഴി കാസറഗോഡ് ജില്ലയിൽ 2397 വളണ്ടിയർമാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 400 ഓളം ആളുകൾ കേരള ഗവൺമെന്റിന്റെ പാലിയേറ്റീവ് കെയർ ഗ്രിഡ് വഴി മൂന്നു ദിവസത്തെ പരിശലനം നേടിയിട്ടുണ്ട്. ദിനാചരണവുമായി ബന്ധപ്പെട്ട് ജില്ലയിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എ വി രാംദാസ് അറിയിച്ചു.



# എലിപ്പനിയെ തുരത്താൻ 'മൂഷികം'



പാലക്കാട്: എലിപ്പനി പ്രതിരോധത്തെകുറിച്ചും രോഗലക്ഷണങ്ങൾ, ചികിത്സ എന്നിവയെക്കുറിച്ചും ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിനായി ജില്ലയിൽ 'മൂഷികം' എന്ന പേരിൽ ബോധവൽക്കരണ ക്യാമ്പയിന് തുടക്കം കുറിച്ചു. ജില്ലയിൽ എല്ലാ വർഷവും പ്രത്യേകിച്ച് മഴക്കാലത്ത് എലിപ്പനി ഉയർന്ന തോതിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിലാണ് ഇത്തരം ഒരു ക്യാമ്പയിൻ ആരംഭിക്കുന്നത്. കാർഷികാധിഷ്ഠിതമായ ജീവിതശൈലിയും ജലസാന്നിധ്യവും പൊതുവേയുള്ള ശുചിത്വ പ്രശ്നങ്ങളുമെല്ലാം എലിപ്പനി കേസുകൾ കുത്തനെ ഉയരാൻ കാരണമാകുന്നുണ്ട്. എലികളുടെ മൂത്രത്തിലൂടെ മലിനമായ വെള്ളത്തിലും ചെളിയിലും നേരിട്ട് സമ്പർക്കം വരുന്ന രീതിയിൽ വയലുകൾ, കൃഷിയിടങ്ങൾ, തോട്ടങ്ങൾ എന്നിവിടങ്ങളിലെ ജോലി എലിപ്പനി പകർച്ചാ സാധ്യത വർദ്ധിപ്പിക്കുന്നു. തൊഴിലാളികൾ, കർഷകർ, ശുചീകരണ തൊഴിലാളികൾ എന്നിവർക്കിടയിൽ അതുകൊണ്ടുതന്നെ എലിപ്പനി സാധ്യത കൂടുതലാണ്. സാധാരണ പനിയായി തെറ്റിദ്ധരിക്കപ്പെടാവുന്ന എലിപ്പനി ചികിത്സ വൈകിയാൽ ജീവൻ തന്നെ അപകടത്തിലാകുന്ന സങ്കീർണതകൾക്ക് ഇടയാക്കും. അതിനാൽ പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ചും രോഗ ലക്ഷണങ്ങൾ തിരിച്ചറിയുന്നതിനും പൊതുജനങ്ങളെ ബോധവൽക്കരിക്കുക എന്നതാണ് ക്യാമ്പയിന്റെ മുഖ്യ ലക്ഷ്യം.

ജില്ലയിൽ വിവിധ ആരോഗ്യ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും വലിയ പങ്കാളിത്തത്തോടെ നടന്നുവരുന്ന സായാഹ്ന കൂട്ടായ്മകളിലെല്ലാം തന്നെ എലിപ്പനി പ്രതിരോധ സന്ദേശങ്ങൾ നൽകി വരുന്നു. ആരോഗ്യ ബോധവൽക്കരണവും കലാസാംസ്കാരിക സദസും സമന്വയിക്കുന്ന സായാഹ്ന കൂട്ടായ്മകൾ ഇത്തരത്തിൽ ജില്ലയിൽ ആരോഗ്യ സന്ദേശങ്ങൾ ഫലപ്രദമായി ജനങ്ങളിലേക്ക് നേരിട്ട് എത്തിക്കാൻ ഏറെ സഹായകമാകുന്നുണ്ട്.

മഴക്കാലത്തും പ്രളയാനന്തര സാഹചര്യങ്ങളിലും എലിപ്പനി പോലുള്ള ജന്തുജന്യ രോഗങ്ങൾ വ്യാപിക്കാനുള്ള സാധ്യത കൂടുതലാണെന്നും, രോഗപ്രതിരോധത്തിനായി പൊതുജനങ്ങൾക്കിടയിൽ ശാസ്ത്രീയമായ അറിവ് എത്തിക്കുന്നത് അത്യന്താപേക്ഷിതമാണെന്നും ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് മലമ്പുഴ നിയോജകമണ്ഡലം എം.എൽ.എ. എ. പ്രഭാകരൻ പറഞ്ഞു. കേരളം ആരോഗ്യ മേഖലയിലുണ്ടാക്കിയ മുന്നേറ്റങ്ങളും പൊതുജനാരോഗ്യ സംവിധാനങ്ങളുടെ ശക്തീകരണവും അദ്ദേഹം പ്രത്യേകം ചൂണ്ടിക്കാട്ടി. ആരോഗ്യ സംരക്ഷണത്തിൽ ബോധവൽക്കരണത്തിന്റെ നിർണായക പങ്കും എം.എൽ.എ വിശദീകരിച്ചു.

ബോധവൽക്കരണത്തിന്റെ ഭാഗമായി ജില്ലയിൽ തയ്യാറാക്കിയ 'മൂഷികം' ക്യാമ്പയിൻ ലോഗോയും ബോധവൽക്കരണ പോസ്റ്ററുകളും കൊടുമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. കെ. ശാന്തയ്ക്ക് വേദിയിൽ എം.എൽ.എ കൈമാറി. മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കൃഷ്ണൻകുട്ടി കെ അധ്യക്ഷത വഹിച്ച ചടങ്ങിൽ പാലക്കാട് ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എസ്. ബി. രാജു മുഖ്യാതിഥിയായി പങ്കെടുത്തു.

കൃഷിവകുപ്പ് ,മൃഗസംരക്ഷണ വകുപ്പ് , ഹരിത കർമ്മ സേന, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി, തുടങ്ങിയ വകുപ്പുകളുമായി സഹകരിച്ചുകൊണ്ടാണ് പരിപാടി സംഘടിപ്പിച്ചത്

## ജില്ലാ മെഡിക്കൽ ഓഫീസർ

# സാന്ത്വന സ്പർശവുമായി പട്ടികവർഗ ഉന്നതിയിൽ



കാസർഗോഡ്: കുറ്റിക്കോൽ പഞ്ചായത്തിലെ മാനടുക്കം കുമ്പച്ചിമൂല പട്ടിക ഉന്നതിയിലെ വീട്ടിലേക്ക് അപ്രതീക്ഷിതമായി ഒരു അതിഥി കടന്നുവന്നു.പാലിയേറ്റീവ് പ്രവർത്തനങ്ങൾവിലയിരുത്താനായി എത്തിച്ചേർന്ന ജില്ലാ മെഡിക്കൽ ഓഫീസർ ഡോ: എ.വി രാംദാസ് ആയിരുന്നു ആ അതിഥി. ജില്ലാ മെഡിക്കൽ ഓഫീസറുടെ സന്ദർശനം, ആമാശയ കാൻസർ ബാധിതനായ കുടുംബനാഥനും പക്ഷാഘാതം മൂലം ഒരു ഭാഗം തളർന്നു പോയ ഭാര്യയ്ക്കും സാന്ത്വനത്തിന്റെ സ്നേഹ സ്പർശമായി മാറി. അരികിലിരുന്ന് വിശേഷങ്ങൾ തിരക്കിയ ഡോക്ടറോട് ബന്തടുക്ക കുടുംബാരോഗ്യ കേന്ദ്രത്തിലെ ആരോഗ്യപ്രവർത്തകരും പാലിയേറ്റീവ് നഴ്സും നൽകുന്ന കൃത്യമായ പരിചരണത്തെയും സേവനങ്ങളെയും കുറിച്ച് അവർ വാതോരാതെ സംസാരിച്ചു. ആരോഗ്യ പ്രവർത്തകർ നൽകിയ പരിശീലനത്തിലൂടെ കാര്യങ്ങൾ പഠിച്ച ബന്ധുവായ രതീശൻ എന്ന ചെറുപ്പക്കാരൻ കൃത്യമായി തങ്ങളെ പരിചരിക്കുന്നുവെന്ന് രണ്ടുപേരും സാക്ഷ്യപ്പെടുത്തി. പാലിയേറ്റീവ് പരിചരണത്തിൽ കുടുംബാംഗങ്ങൾ തന്നെ വളണ്ടിയർമാരായി മാറണം എന്നതിന് ഏറ്റവും മികച്ച ഉദാഹരണമാണ് ഈ ചെറുപ്പക്കാരൻ എന്ന് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ: രാംദാസ് എ. വി പറഞ്ഞു.

## മാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ മൂന്ന് ജനകീയ ആരോഗ്യകേന്ദ്രങ്ങൾ

# ദേശീയ അംഗീകാരങ്ങളുടെ നിറവിൽ









കോട്ടയം: മാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ കുറുപ്പന്തറ കുടുംബാരോഗ്യ കേന്ദ്രത്തിനു കീഴിലുള്ള മൂന്ന് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് ദേശീയ അംഗീകാരം ലഭിച്ചു. ജില്ലയിൽ ആദ്യമായി അംഗീകാരം ലഭിച്ച മൂന്ന് ജനകീയ ആരോഗ്യകേന്ദ്രങ്ങളും മാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ കുറുപ്പന്തറ കുടുംബാരോഗ്യ കേന്ദ്രത്തിനു കീഴിലുള്ളതാണ് എന്നത് വലിയ പ്രത്യേകതയാണ്. ജനകീയ ആരോഗ്യ കേന്ദ്രങ്ങളായ മേമുറി,മാഞ്ഞൂർ സൗത്ത്,ഓമല്ലൂർ എന്നിവയാണ് അംഗീകാരത്തിന് അർഹമായത്.

12 സേവന പാക്കേജുകളുടെ മികവിന്റെ അടിസ്ഥാനത്തിലാണ് NQAS ലഭിക്കുന്നത്. എൻ.ക്യു.എ.എസ്. അംഗീകാരത്തിന് 3 വർഷത്തെ കാലാവധിയാണുള്ളത്. 3 വർഷത്തിന് ശേഷം ദേശീയ സംഘത്തിന്റെ പുനഃപരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും. എൻ.ക്യു.എ.എസ് അംഗീകാരം ലഭിക്കുന്ന ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് ഒരു പാക്കേജിന് 18,000 രൂപ വീതം വാർഷിക ഇൻസെന്റീവ് ലഭിക്കും.

കേന്ദ്ര കേരള സർക്കാരുകൾ,ജില്ലാ ആരോഗ്യ വകുപ്പ് നാഷണൽ ഹെൽത്ത് മിഷൻ,ക്വാളിറ്റി വിഭാഗം, മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതികൾ,കുടുംബരോഗ്യകേന്ദ്രം,ജനകീയ ആരോഗ്യകേന്ദ്രം എന്നിവർ സാമൂഹിക സംവിധാനങ്ങളുടെ ജനകീയ പിന്തുണയും ഒത്തുചേർന്നാണ് ഈ നേട്ടം കൈവരിച്ചത്



കുണ്ടറയിൽ

# പുതിയ ആശുപത്രി മന്ദിരം മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു



കൊല്ലം: 76.13 കോടി രൂപ ചിലവിൽ കിഫ്ബി പദ്ധതിയുടെ ഭാഗമായി പൂർത്തിയാക്കിയ കുണ്ടറ താലൂക്ക് ആശുപത്രിയുടെ പുതിയ ബഹുനില മന്ദിരം കേരള മുഖ്യമന്ത്രി പിണറായി വിജയൻ നാടിനു സമർപ്പിച്ചു.

### പരിമിതികളോടെ തുടക്കം

പതിറ്റാണ്ടുകൾക്ക് മുൻപ് ഓടിട്ട കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച കുണ്ടറ താലൂക്ക് ആശുപത്രി ഇന്ന് വികസന കുതിപ്പിന്റെ നെറുകയിലാണ് കൊല്ലം ജില്ലയിലെ നാല് താലൂക്ക് ആശുപത്രികളിൽ ഒന്നായ കുണ്ടറ താലൂക്ക് ആശുപത്രി അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തിയും ആധുനിക ചികിത്സാ സജ്ജീകരണങ്ങൾ സാധ്യമാക്കിയും ആതുര ശുശ്രൂഷ രംഗത്ത് പുതിയ ചുവടുവെപ്പിന് ഒരുങ്ങുകയാണ്. സംസ്ഥാനത്തെ തന്നെ ഏറ്റവും പഴക്കം ചെന്ന ആരോഗ്യ കേന്ദ്രങ്ങളിൽ ഒന്നാണ് കുണ്ടറ താലൂക്ക് ആശുപത്രി. 1920കളിൽ കുണ്ടറ സിറാമിക്സിലെ ജീവനക്കാർക്കും പ്രദേശവാസികൾക്കും വേണ്ടി ഡിസ്പെൻസറി ആയിട്ടാണ് കുണ്ടറ ആശുപത്രി ആരംഭിക്കുന്നത്. 'ചേടിആശുപത്രി' എന്ന് അറിയപ്പെട്ടിരുന്ന ഈ ആശുപത്രി കാലക്രമേണ പ്രൈമറി സെന്ററായും 1992 ൽ ബ്ലോക്ക് പി.എച്ച്.സി ആയും 2006 ൽ ബ്ലോക്ക് സി.എച്ച്.സി ആയും 2010 ൽ താലൂക്ക് ആശുപത്രിയായും മാറി. ആദ്യകാലങ്ങളിൽ ഒരു മെഡിക്കൽ ഓഫീസറുടെ സേവനം ലഭ്യമാക്കി പ്രവർത്തനം ആരംഭിച്ച താലൂക്ക് ആശുപത്രിയിൽ ഇന്ന് സ്പെഷ്യാലിറ്റി ഡോക്ടർമാർ അടക്കം 15 ഓളം ഡോക്ടർമാരും, വിവിധ വിഭാഗങ്ങളിലായി 90 ഓളം ജീവനക്കാരും പ്രവർത്തിക്കുന്നു. ഗൈനക്കോളജി, അനസ്തേഷ്യ, ഡെന്റൽവിഭാഗം, ശിശുരോഗവിഭാഗം, ജനറൽ മെഡിസിൻ, ഡയാലിസിസ് തുടങ്ങി വിദഗ്ധവിഭാഗങ്ങളുടെ സേവനവും താലൂക്ക് ആശുപത്രിയിൽ നൽകിവരുന്നു. അത്യാധുനിക സജ്ജീകരണങ്ങളോ കൂടിയും, പരിശീലനം ലഭിച്ച ജീവനക്കാരുടെ സേവനം സാധ്യമാക്കിയും, 72 ലക്ഷം രൂപ ചെലവഴിച്ച് നിർമാണ പ്രവൃത്തികൾ, അനുബന്ധ ഇലക്ട്രിക്കൽ വർക്കുകൾ എന്നിവ പൂർത്തിയാക്കി 7 മെഷീനുകൾ ഉൾപ്പടെ ഓഗസ്റ്റ് 4 നു പ്രവർത്തനം ആരംഭിച്ച ഡയാലിസിസ് യൂണിറ്റിൽ നാളിതുവരെ 500 ഓളം ഡയാലിസിസ് പൂർത്തിയാക്കി. 2018 ൽ കിഫ്ബി ഫണ്ടിൽ നിന്നും 76.13 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തി 2020 ഓട് കൂടി നിർമാണം ആരംഭിച്ചു. 130 ഓളംകിടക്കകൾ ആണ് സജ്ജമാക്കുന്നത്. ബേസ്മെന്റ് ഉൾപ്പെടെ 77500 സ്ക്വയർഫീറ്റിൽ 7 നിലകളിലായി സജ്ജമാകുന്ന ബഹുനില മന്ദിരം. ബേസ്മെന്റ് ഫ്ളോറിൽ പോസ്റ്റ്മോർട്ടം, ഫ്രീസർ മോർച്ചറി (2), ഓക്സിജൻ പ്ലാന്റ്, ഫയർ റൂം, ഇലക്ട്രിക്കൽ റൂം, ബയോമെഡിക്കൽ വേസ്റ്റ് റൂം ഗ്രൗണ്ട് ഫ്ളോറിൽ അത്യാഹിതവിഭാഗം, 7 കിടക്കകൾ (ഒബ്സെർവഷൻ), എക്സ്റേ, അൾട്രാസൗണ്ട്, ഒന്നാമത്തെ നിലയിൽ മെയിൽ വാർഡ്, ഫീമെയിൽ വാർഡ്, മെയിൽ സർജിക്കൽ വാർഡ്, ഫീമെയിൽ സർജിക്കൽ വാർഡ്, രണ്ടാമത്തെ നിലയിൽ ഒപി, ലബോറട്ടറി, ബ്ലഡ്സ്റ്റോറേജ് യൂണിറ്റ്, മൂന്നാമത്തെ നിലയിൽ ഓപ്പറേഷൻ തിയേറ്റർ, പോസ്റ്റ്ഓപ്പറേറ്റീവ് വാർഡ്, നാലാമത്തെ നിലയിൽ മെയിൽ വാർഡ്, ഫീമെയിൽ വാർഡ്, ഡെന്റൽ യൂണിറ്റ്, അഞ്ചാമത്തെനിലയിൽ മെയിൽ വാർഡ്,ഫീമെയിൽ വാർഡ്, പീഡിയാട്രിക് വാർഡ്,ആറാമത്തെ നിലയിൽ പേ വാർഡ്, ക്വർട്ടേഴ്സ് കുണ്ടറ താലൂക്ക് ആശുപത്രിഅങ്കണത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രിവീണാ ജോർജ് അധ്യക്ഷത വഹിച്ചു. മന്ത്രി കെ.എൻ ബാലഗോപാൽ,എം.എൽ.എ മാരായ പി.സി വിഷ്ണുനാഥ്. എം മുകേഷ്, കോവൂർ കുഞ്ഞുമോൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആർ ലതാദേവി, ജില്ലാ കളക്ടർ എൻ ദേവി ദാസ് ഐ.എ.എസ് വിവിധ ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു

വൻ മുന്നേറ്റം

# 302 ആശുപത്രികൾ ദേശീയ ഗുണനിലവാര അംഗീകാരത്തിൽ

17 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി എൻ.ക്യു.എ.എസ്.




തിരുവനന്തപുരം: സംസ്ഥാനത്തെ 17 ആരോഗ്യ സ്ഥാപനങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇതോടെ സംസ്ഥാനത്തെ ആകെ 302 ആരോഗ്യ കേന്ദ്രങ്ങൾക്കാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ചത്. 9 ജില്ലാ ആശുപത്രികൾ, 8 താലൂക്ക് ആശുപത്രികൾ, 14 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 50 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 176 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 45 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുണ്ട്. ഇത്രയും ആശുപത്രികൾ ദേശീയ ഗുണനിലവാരത്തിലേക്ക് എത്തിയത് ആരോഗ്യ മേഖലയെ സംബന്ധിച്ച് വലിയ നേട്ടമാണ്. കൂടുതൽ ആശുപത്രികളെ എൻ.ക്യു.എ.എസ്. നിലവാരത്തിലേക്ക് ഉയർത്താനാണ് പരിശ്രമിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.




# ആരോഗ്യ സന്ദേശ യാത്രയ്ക്ക് തുടക്കം




പത്തനംതിട്ട : 'ഹെൽത്തി കേരള' ആരോഗ്യ സന്ദേശയാത്രയ്ക്ക് റിപ്പബ്ലിക് ദിനത്തിൽ പത്തനംതിട്ട ജില്ലയിൽ തുടക്കമായി. ആരോഗ്യ സന്ദേശ ബോധവൽക്കരണ യാത്രയുടെ ഫ്ളാഗ് ഓഫ് ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് നിർവ്വഹിച്ചു. പത്തനംതിട്ട പൊതുമരാമത്ത് വകുപ്പ് സർക്കാർ അതിഥി മന്ദിരത്തിൽ നടന്ന ചടങ്ങിൽ ജില്ലാ കലക്ടർ എസ്. പ്രേം കൃഷ്ണൻ, എ. ഡി.എം ബി ജ്യോതി, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ അനിതകുമാരി, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എസ് ശ്രീകുമാർ, ഡെപ്യൂട്ടി. ഡി.എം.ഒ ജീവൻ കെ, ഡെ. മാസ് എഡ്യൂക്കേഷൻ മീഡിയ ഓഫീസർ ബിജുകുമാർ ആരോഗ്യ പ്രവർത്തകർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. ഫെബ്രുവരി ആദ്യവാരം ആരംഭിച്ച് ജില്ലയിൽ ഉടനീളം ആരോഗ്യ സന്ദേശങ്ങൾ എത്തിച്ച് മാർച്ച് ആദ്യവാരം അവസാനിക്കുന്ന രീതിയിലാണ് ആരോഗ്യ സന്ദേശ ബോധവൽക്കരണ യാത്ര സംഘടിപ്പിക്കുന്നത്. ആരോഗ്യ സന്ദേശ യാത്ര അനുബന്ധിച്ച് ജില്ലയിലെ വിവിധ ആരോഗ്യ ബ്ലോക്കുകൾ കേന്ദ്രീകരിച്ച് ആരോഗ്യ സ്ഥാപനങ്ങളിൽ, എക്സിബിഷനുകൾ, ആരോഗ്യ പരിശോധനകൾ, വെൽനസ് സെഷൻ, ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കും. ജീവിതശൈലി രോഗ പരിശോധനകൾ, ഏതെല്ലാം കേന്ദ്രങ്ങളിൽ വിവിധ ആരോഗ്യ പരിശോധനകൾ നടത്താം, വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ, ജില്ലയിലെ ആരോഗ്യ മേഖലയിൽ ഉണ്ടായ വികസന പ്രവർത്തനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വീഡിയോ, പോസ്റ്റർ എന്നിവയുടെ പ്രചരണവും ആരോഗ്യ സന്ദേശയാത്ര വാഹനത്തിൽ ക്രമീകരിച്ചിട്ടുണ്ട്.

മലയിൻകീഴ് താലൂക്ക് ആസ്ഥാന

# ആശുപത്രിയ്ക്ക് പുതിയ ബഹുനില മന്ദിരം



തിരുവനന്തപുരം: നാളിതുവരെ കണ്ടിട്ടില്ലാത്ത വൻകിട വികസന പദ്ധതിയാണ് മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സാധ്യമാക്കിയത്. മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കിഫ്ബിയിലൂടെ 23.31 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച 6 നില ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നാടിന് സമർപ്പിച്ചു.

മലയോര മേഖലയിലെയും ഗ്രാമ പ്രദേശത്തെയും നഗര പ്രദേശത്തെയും ജനങ്ങൾക്ക് ഒരു പോലെ അഭയ കേന്ദ്രമായി ഈ ആശുപത്രി മാറുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. 2016ന് ശേഷം 30 കോടിയോളം രൂപയുടെ വികസന പദ്ധതികളാണ് ഈ ആശുപത്രിയ്ക്കായി വിവിധ പദ്ധതികളിലൂടെ നടപ്പിൽ വരുത്തിയിട്ടുള്ളത്. പുതിയ ആശുപത്രി കെട്ടിടം നിലവിൽ വരുന്നതോടുകൂടി ദിനം പ്രതി 700 മുതൽ 1000 വരെ രോഗികൾക്ക് ആശുപത്രി വഴിയുള്ള സേവനങ്ങൾ നൽകാനാകും.

24 മണിക്കൂറും പ്രവർത്തിക്കുന്ന 4 ഒബ്സെർവഷൻ കിടക്കകളോടു കൂടിയുള്ള അത്യാഹിത വിഭാഗം, ഒരേ സമയം സേവനം ലഭ്യമാക്കുന്ന 9 ഒ.പി. റൂമുകൾ, കുട്ടികൾക്കായുള്ള ഒ.പി., ജനറൽ മെഡിസിൻ ഒ.പി, ദന്തൽ ഒ.പി തുടങ്ങിയവയെല്ലാം ആധുനിക രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. 2 ദന്തൽ ചെയറോട് കൂടിയ പ്രൊസീജിയർ മുറി, നവീകരിച്ച ഫർമസി, മികച്ച ലബോറട്ടറി, പ്രതിദിനം 12 രോഗികൾക്ക് സേവനം നൽകാൻ കഴിയുന്ന നവീകരിച്ച ഡയാലിസിസ് യൂണിറ്റ്, ഡിജിറ്റൽ എക്സ് റേ യൂണിറ്റ് എന്നിവയും സജ്ജമാക്കിയിട്ടുണ്ട്. സ്ത്രീകൾ, പുരുഷന്മാർ, കുട്ടികൾ തുടങ്ങിയവർക്കായി 32 കിടക്കകൾ ഉൾക്കൊള്ളുന്ന മികച്ച സംവിധാനങ്ങളോട് കൂടിയ വാർഡുകൾ, കേന്ദ്രീകൃത ശീതീകരണ സംവിധാനങ്ങളോട് കൂടിയ മൈനർ ഓപ്പറേഷൻ തിയേറ്റർ, ഫർമസി സ്റ്റോർ, കേന്ദ്രീകൃത ഓക്സിജൻ വിതരണ ശൃംഖല എന്നിവയും സജ്ജമാണ്.

രാജ്യത്ത് ആദ്യമായി

# രാജ്യത്ത് ആദ്യമായി ജില്ലാതല ആശുപത്രിയിൽ കോർണിയ ട്രാൻസ്പ്ലാന്റേഷൻ




തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നേത്രരോഗ വിഭാഗത്തിൽ നേത്ര പടല അന്ധതക്ക് പ്രതിവിധി നൽകുന്ന കോർണിയ ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി. 59 വയസുള്ള കോവളം സ്വദേശിയ്ക്കാണ് കഴിഞ്ഞ 24–ാം തീയതി കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയത്. രോഗി സുഖം പ്രാപിച്ചു വരുന്നു. ചില സർക്കാർ മെഡിക്കൽ കോളേജുകളിലും റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജിയിലും സ്വകാര്യ കണ്ണാശുപത്രികളിലും മാത്രം ചെയ്യുന്ന കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയാണ് ജനറൽ ആശുപത്രിയിൽ നടത്തിയത്. രാജ്യത്ത് ആദ്യമായാണ് ഒരു ജില്ലാതല ആശുപത്രിയിൽ കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയത്. ശസ്ത്രകിയയ്ക്ക് നേതൃത്വം നൽകിയ ജനറൽ ആശുപത്രിയിലെ എല്ലാ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

വലതെ കണ്ണിന് ചെറുപ്പകാലത്തുണ്ടായ മുറിവാണ് നേത്രപടല അന്ധതക്ക് കാരണമായത്. ഇബിഎകെ നേത്രബാങ്കിൽ നിന്നാണ് നേത്രപടലം ലഭ്യമാക്കിയത്. സ്വകാര്യ ആശുപത്രികളിൽ ലക്ഷങ്ങളോളം രൂപ ചിലവാകുന്ന ശസ്ത്രക്രിയയാണ് സൗജന്യമായി ചെയ്തത്.

ജില്ലാതല ആശുപത്രികളിൽ കോർണിയ ശസ്ത്രക്രിയയിൽ പ്രാവീണ്യമുള്ള ഡോക്ടർമാരെ കൊണ്ട് കോർണിയ ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയ ചെയ്യുന്നതിന് സർക്കാർ 2023ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഇതിനു വേണ്ട സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. 40 ലക്ഷത്തോളം രൂപ ചെലവഴിച്ച് കോർണിയ ട്രാൻസ്പ്ലാന്റേഷന് വേണ്ടിയുള്ള ഉപകരണങ്ങൾ സജ്ജമാക്കി. തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജി സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ക്രമീകരണങ്ങൾ വിലയിരുത്തി അനുമതി നൽകി. കെ സോട്ടോയിൽ നിന്ന് കോർണിയ ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയക്കുള്ള ലൈസൻസും നേടിയെടുത്തു.

നേത്രപടല അന്ധത കൂടുതലും മധ്യ വയസ്കരായ ആളുകളിലും തൊഴിലാളികളേയുമാണ് ബാധിക്കുന്നത്. കൃഷ്ണമണിയിലുണ്ടാകുന്ന മുറിവുകളിൽ അണുബാധയേൽക്കുന്നതുമൂലം നേത്രപടല അന്ധതയ്ക്ക് കാരണമാകുന്നു. ഇത്തരം രോഗികൾക്ക് നേത്രപടലം മാറ്റി വയ്ക്കുന്നത് മാത്രമാണ് പ്രതിവിധി. ചില കുട്ടികളിൽ ജന്മനാ നേത്രപടല വൈകല്യം മൂലവും കൗമാര പ്രായക്കാരിൽ നേത്രപടലത്തിനുണ്ടാവുന്ന കെരറ്റോകോണസ് എന്ന അസുഖവും നേത്ര പടല അന്ധതയ്ക്ക് കാരണമാകുന്നു. ഇത്തരം രോഗികൾക്കും കോർണിയ ട്രാൻസ്പ്ലാന്റേഷനാണ് പ്രധാന പ്രതിവിധി.

ജില്ലാതല ആശുപ്രതികളിൽ കോർണിയ ക്ലിനിക്കുകളും നേത്രപടല ശസ്ത്രക്രിയകളും ആരംഭിക്കുന്നത് വഴി ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ നേത്രരോഗ വിഭാഗത്തിൽ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതുമൂലം സാധാരണക്കാരായ രോഗികൾക്ക് മികച്ച ചികിത്സ അടുത്തുള്ള ആശുപത്രിയിൽ നിന്നും ലഭ്യമാക്കുന്നു.

തിരുവനന്തപുരം ജനറൽ ആശുപതി സൂപ്രണ്ട് ഡോ. കൃഷ്ണവേണി, നേത്രരോഗ വിഭാഗം മേധാവി ഡോ. ശ്രീലത, കോർണിയ സർജൻ ഡോ. രശ്മി പി ഹരിദാസ്, അനസ്തേഷ്യ വിഭാഗം മേധാവി ഡോ. അമ്പിളി, ഡോ. മധു എന്നിവരുടെ നേതൃത്വത്തിലാണ് ട്രാൻസ്പ്ലാന്റേഷൻ നടത്തിയത്. ഡോ. ഐശ്വര്യ, ഡോ. സിമ്രാൻ, ഡോ. ദീപ്തി, നഴ്സിംഗ് ഓഫീസർമാരായ ബേബി രേവതി ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർ നാദിയ, നഴ്സിംഗ് അസിസ്റ്റന്റ് മോളി, അനസ്തേഷ്യ ടെക്നീഷ്യൻ ഗായത്രി എന്നിവർ കോർണിയ സർജറിയിൽ സന്നിഹിതരായിരുന്നു.

കോന്നി മെഡിക്കൽ കോളജിൽ 50 കോടിയുടെ പദ്ധതികൾക്ക് തുടക്കം

# മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ ചരിത്ര നേട്ടം: മന്ത്രി വീണാ ജോർജ്



പത്തനംതിട്ട: കേരളത്തിന്റെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ ചരിത്ര നേട്ടം കൈവരിക്കാൻ സംസ്ഥാന സർക്കാരിന് സാധിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കോന്നി മെഡിക്കൽ കോളജിൽ 50 കോടി രൂപ ചെലവിൽ നിർമാണം പൂർത്തിയായ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

2022 ൽ അംഗീകാരം നേടിയ കോന്നി മെഡിക്കൽ കോളജിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 351.72 കോടി രൂപയുടെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളാണ് നടക്കുന്നത്. ടൈപ്പ് എ, സി ക്വാർട്ടേഴ്സ്, രണ്ടു ഹോസ്പിറ്റൽ ബ്ലോക്ക് , ഓഡിറ്റോറിയം തുടങ്ങിയവയുടെ നിർമാണം പുരോഗമിക്കുന്നു. നിലവിൽ നാലു ബാച്ചുകളിലായി 400 മെഡിക്കൽ വിദ്യാർഥികൾ പഠിക്കുന്നു. ആധുനിക നിലവാരത്തിൽ ചികിത്സയും വിദ്യാഭ്യാസവും ഉറപ്പാക്കി വികസന സ്വപ്നം യാഥാർത്ഥ്യമാക്കുകയാണ് കോന്നി മെഡിക്കൽ കോളജ്. 50 കോടി രൂപ ചെലവിൽ നിർമാണം പുരോഗമിക്കുന്ന ജില്ലാ സ്റ്റേഡിയം ഉടൻ നാടിന് സമർപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

ആരോഗ്യ മേഖലയിൽ ജില്ലയിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാനായെന്ന് അധ്യക്ഷനായ കെ യു ജനീഷ് കുമാർ എംഎൽഎ പറഞ്ഞു. പത്തനംതിട്ടയ്ക്ക് അഭിമാനമായ കോന്നി മെഡിക്കൽ കോളജിന്റെ വളർച്ച കേരളത്തിന് മാതൃകയാണ്. ആശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനം അതിവേഗത്തിൽ സാധ്യമായി. ആശുപത്രിയിലേക്ക് മികച്ച നിലവാരത്തിലുള്ള റോഡുകളുടെ നിർമാണം പുരോഗമിക്കുന്നു. മെഡിക്കൽ കോളേജ് കെഎസ്ആർടിസി ബസ് സ്റ്റാൻഡ് നിർമാണം ഫെബ്രുവരിയിൽ പൂർത്തിയാകുമെന്നും എംഎൽഎ പറഞ്ഞു.

മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ ഡോ. കെ. വി. വിശ്വനാഥൻ റിപ്പോർട്ട് അവതരിപ്പിച്ചു. കിഫ്ബി മുഖാന്തിരം 22.80 കോടി രൂപ മുതൽ മുടക്കിൽ നിർമിച്ച അക്കാദമിക് ബ്ലോക്ക് ഫേസ് രണ്ട്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, 16.25 കോടി രൂപ ചെലവഴിച്ചു നിർമിച്ച 40 അപ്പാർട്ട്മെന്റുകൾ ഉള്ള ടൈപ്പ് ഡി ക്വാർട്ടേഴ്സ്, 9.10 കോടി രൂപ ചെലവഴിച്ചു നിർമിച്ച 40 അപ്പാർട്ട്മെന്റുകളുള്ള ടൈപ്പ് ബി ക്വാർട്ടേഴ്സ്, 1.05 കോടി ചെലവഴിച്ച് രണ്ട് നിലകളിലായി നിർമിച്ച ഡീൻ വില്ല, 84 ലക്ഷം രൂപ ഉപയോഗിച്ച് നിർമിച്ച 17 കിടക്കകളോട് കൂടിയ മെഡിക്കൽ ഐസിയു എന്നിവയാണ് മന്ത്രി നാടിന് സമർപ്പിച്ചത്.

കോന്നി മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. ആർ. എസ്. നിഷ, സൂപ്രണ്ട് ഡോ. എ. ഷാജി, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എസ് ശ്രീകുമാർ, ആശുപത്രി വികസന സമിതി അംഗങ്ങളായ റഷീദ് മുളന്തറ, എ. എസ്. എം. ഹനീഫ, ആരോഗ്യപ്രവർത്തകർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.

























# HEALTHY KERALA CAMPAIGN
# ജില്ലകളിലൂടെ







